# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഫറോക്ക് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/332/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 18/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഫറോക്ക് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഫറോക്ക് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫറോക്ക് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/332/2022 തീയ്യതി: 18/03/2022

## കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്യാരിലാൽ.റ്റി.സി | ജോയിന്റ് ഡയറക്ടർ | 14-02-2022 | 22-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 22-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.ആർ.ജയകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ലാലുജോൺസ്.ആർ | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.അബ്ദുൽസലാം | വെറ്റിനറിസർജൻ | 01-04-2019 | 19-10-2019 |
| ഡോ.മിനി. | വെറ്റിനറിസർജൻ | 19-10-2019 | 31-03-2020 |
| ശ്രീകാന്തി | ഡയറിഡെവല്പ്മെന്റ് ഓഫീസർ | 01-04-2019 | 31-03-2020 |
| ഷക്കീല.എ.പി | പ്രിൻസിപ്പൽ | 01-04-2019 | 31-03-2020 |
| അക്ഷാദ്. | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2019 | 31-03-2020 |
| റീന.എ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.അഞ്ജു.എ.കെ | മെഡിക്കൽ ഓഫീസർ .ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.സറീന.എൻ | മെഡിക്കൽ ഓഫീസർ .ആയ്യുർവ്വേദം | 01-04-2019 | 31-03-2020 |
| മോനിഷ.എം | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| എം.ദിനേഷ് കുമാർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ജെസ്സി.ടി.ജെ | മുനിസിപ്പൽ എഞ്ചിനീയർ | 22-07-2019 | 15-11-2019 |
| അനിൽ കുമാർ | ഓവർസിയർ (ഇൻ ചാർജ്ജ്) | 15-11-2019 | 12-12-2019 |
| അബിലാഷ്.ടി | മുനിസിപ്പൽ എഞ്ചിനീയർ | 12-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-1 |
| 2 | ബജറ്റ് - അപാകതകൾ<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-2 |
| 4 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം ( ACR പ്രകാരം )<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-4 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: E.V Hari (Audit Officer, On 21-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-4-1 |
| 8 | പദ്ധതി അവലോകവനം<br>Written By: Sreeja Thekkan (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Disha R.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം.<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-03-2022) | 1-7 |
| 11 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 10-03-2022) | 1-8 |
| 12 | റിപ്പോർട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം<br>Written By: T.K.Latha (Senior Grade Auditor, On 23-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-03-2022) | 1-9 |
| 13 | വസ്തുനികുതി ഫയലുകൾ ഹാജരാക്കിയിട്ടില്ല<br>Written By: T.K.Latha (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-10 |
| 14 | ചട്ടം ലംഘിച്ച് നഗരസഭാ നിർമ്മാണം<br>Written By: T.K.Latha (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-03-2022) | 1-11 |
| 15 | വസ്തുനികുതി കുടിശ്ശിക പെരുകുന്നു. ക്യാമ്പ് കളക്ഷൻ നടത്തുന്നില്ല.<br>Written By: T.K.Latha (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-12 |
| 16 | ഇറോം പ്രോപ്പർട്ടി നെറ്റ് വർക്ക് പ്രൈ. ലിമിറ്റഡ്, ഹിൽവുഡ് ഫർണിച്ചർ പ്രൈ. ലിമിറ്റഡ് നഗരസഭയിൽ ഫയൽ ലഭ്യമല്ല.<br>Written By: T.K.Latha (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-13 |
| 17 | ക്രമവത്ക്കരണ പ്ലാൻ - നടപടി ക്രമം പാലിച്ചില്ല. | 1-14 |

| | | |
|---|---|---|
| | Written By: T.K.Latha (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | |
| 18 | തണ്ണീർതട സംരക്ഷണ നിയമം പാലിക്കാതെ വാണിജ്യകെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു.<br>Written By: T.K.Latha (Senior Grade Auditor, On 23-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-03-2022) | 1-15 |
| 19 | സ്ഥാപനത്തിൽ ബൈലോയില്ലാതെ വാടക കരാർ ചമയ്ക്കുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 22-02-2022)<br>Last Updated By: E.V Hari (Audit Officer, On 23-02-2022) | 1-16 |
| 20 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-17 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 15-03-2022) | 1-18 |
| 22 | നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 23-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 15-03-2022) | 1-19 |
| 23 | വെസ്റ്റ് നല്ലൂർ കുടിവെള്ള പദ്ധതി മെയിന്റൻസ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 15-03-2022) | 1-20 |
| 24 | വനിത വ്യവസായ കേന്ദ്രം - നിലവിലുള്ള കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായിരിക്കെ പുതിയ കെട്ടിടനിർമ്മാണം നടത്തി<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-21 |
| 25 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-22 |
| 26 | നികുതികളും ക്ഷേമനിധി വിഹിതവും ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-23 |
| 27 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-24 |
| 28 | യു.എൽ. സി. .സി മാപ്പിംഗ് - ഐ.കെ.എം സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-25 |
| 29 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ടെണ്ടർ നടപടികൾ സുതാര്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 21-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-26 |
| 30 | ബയോ ഗ്യാസ് പ്ലാന്റ് - ഗാർഹികം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-27 |
| 31 | സ്കൂളുകൾക്ക് ഫസ്റ്റ് എയ്ഡ് ബോക്സ് - വിതരണ വിവരം ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-28 |
| 32 | വിദ്യാർത്ഥികൾക്ക് പഠനസഹായം - അർഹമായതിലും അധികം തുക | 1-29 |

| | | |
|---|---|---|
| | നൽകി<br>Written By: Sreeja Thekkan (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | |
| 33 | അഗതി രഹിത കേരളം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല<br>Written By: Sreeja Thekkan (Audit Officer, On 21-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-30 |
| 34 | ലൈബ്രറിയിലേക്ക് കംപ്യൂട്ടർ, സ്കാനർ, ബുക്ക് റാക്ക് വാങ്ങൽ - നാളിതുവരെയും കംപ്യൂട്ടർ ലഭ്യമായില്ല.<br>Written By: Sreeja Thekkan (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-31 |
| 35 | എസ്.സി.ആശ്രയ വീട് റിപ്പയർ- പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 21-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-32 |
| 36 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.<br>Written By: E.V Hari (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-33 |
| 37 | അംഗനവാടികൾക്ക് ഭൗതിക സൗകര്യം ഇല്ല<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-34 |
| 38 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.<br>Written By: E.V Hari (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-35 |
| 39 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.<br>Written By: E.V Hari (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-36 |
| 40 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: E.V Hari (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-37 |
| 41 | നഗരസഭയിലെ താൽക്കാലിക നിയമനം - അപാകതകൾ<br>Written By: E.V Hari (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-38 |
| 42 | ജാഗ്രതാ സമിതി - ശിൽപ്പശാലയ്ക്കായി പണം ചെലവഴിച്ചു - ശിൽപ്പശാല നടത്തിയില്ല.<br>Written By: E.V Hari (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-39 |
| 43 | എസ്സ്.എസ്സ്.എ വിഹിതം കൈമാറൽ - അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 21-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-40 |
| 44 | വിവരാകാശ രജിസ്റ്റർ പൂർണ്ണമല്ല.<br>Written By: Disha R.K (Asst. Audit Officer, On 21-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-41 |
| 45 | എൽ .പി, യു.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 21-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-42 |
| 46 | കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചടവാക്കി.<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-43 |

| | | |
|---|---|---|
| ഭാഗം **2** | | |
| 1 | ക്രമവത്ക്കരണ പ്ലാൻ - നടപടി ക്രമം പാലിച്ചില്ല.<br>Written By: T.K.Latha (Senior Grade Auditor, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 2-1 |
| ഭാഗം **3** | | |
| 1 | വിദ്യാർത്ഥികൾക്ക് പഠനസഹായം - അർഹമായതിലും അധികം തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 3-1 |
| 2 | നികുതികളും ക്ഷേമനിധി വിഹിതവും ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 3-2 |
| 3 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 22-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: E.V Hari (Audit Officer, On 20-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Disha R.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Disha R.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Disha R.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Disha R.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.2.2019 - ലെ 1 (1) നമ്പർ തീരുമാന പ്രകാരം അംഗീകാരത്തിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്ത ഓഡിറ്റ് വർഷത്തെ ബജറ്റ്, കൗൺസിലിന്റെ 27.2.2019 - ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.3.2020 - ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകാരത്തിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും കൗൺസിലിന്റെ 26.3.2020 - ലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു.

### 1-1-1 ബജറ്റ് - അപാകതകൾ

ഓഡിറ്റ് വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഫയൽ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ നഗരസഭയുടെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് കേരള മുനിസിപ്പാലിറ്റി നിയമം 286 മുതൽ 293 വരെയുള്ള വകുപ്പുകളിൽ പരാമർശിച്ച നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ പാലിച്ചോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

നഗരസഭയുടെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് കേരള മുനിസിപ്പാലിറ്റി നിയമം 286 മുതൽ 293 വരെയുള്ള വകുപ്പുകളിൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിക്കേണ്ടതും രേഖകൾ ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 26.07.2020 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഫറോക്ക് നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. നഗരസഭയുടെ എസ്. ബി. ഐ. തനത് ഫണ്ട് അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നമ്പർ 67363827383, ഫറോക്ക് ബ്രാഞ്ച് ) കലക്ഷനായി അയച്ച താഴെപ്പറയുന്ന ചെക്കുകൾ നാളിതു വരെ കലക്ഷനായി അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ, തീയതി | തുക |
|---|---|---|
| 1 | 100567 / 26.2.2019 | 12,000 |
| 2 | 079375 / 8.2.2018 | 6,000 |
| 3 | 867401 / 31.7.2018 | 2,200 |
| 4 | 752239 / 16.11.2017 | 7354 |

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിട വാടക, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയ തനത് വരവിനങ്ങളുടെ കാര്യത്തിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. അഡ്വാൻസ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതിയിട്ടുണ്ട്. എന്നാൽ വർഷം തിരിച്ചും ഇനം തിരിച്ചും അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്ന അഡ്വാൻസുകളുടെ വിശദ വിവരം എഴുതിയിട്ടില്ല.

7. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 11 – ൽ ഉൾപ്പെട്ട ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഇനത്തിന്റെ വിശദ വിവരം ലഭ്യമല്ല.

8. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില ( ഇ – ടെണ്ടർ ഫീ ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 15 പ്രകാരമുള്ള Sundry Debtors - Receivables എന്ന ഇനത്തിന്റെ വിശദ വിവരം ലഭ്യമല്ല.

10. പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്ന തുകകളുടെ കാര്യത്തിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.

11. R P ഷെഡ്യൂൾ 4 – ൽ ഉൾപ്പെട്ട വാട്ടർ ചാർജ്ജസ് എന്ന ഇനത്തിൽ 46,920 രൂപ വരവുണ്ട്. എന്നാൽ ഇതിന്റെ വിശദ വിവരം ലഭ്യമല്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 54221711 |
| വരവ് | 173575088 |
| ആകെ | 227796799 |
| ചെലവ് | 182988027 |
| നീക്കിയിരിപ്പ് | 44808772 |

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 14957867 | 14957867 | 14908940 | 48927 |
| വികസനഫണ്ട് എസ്.സി.പി. | - | 21014000 | 21014000 | 11831063 | 9182937 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 8583000 | 8583000 | 4395187 | 4187813 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 6202000 | 6202000 | 4857384 | 1344616 |
| കേന്ദ്ര ധനകാര്യ | - | 57493000 | 57493000 | 16500627 | 40992373 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അഡ്മിനിസ്ട്രേറ്റീവ് ചെലവ്, തൊഴിലാളികളുടെ കൂലി | 3296951 | 4105784 | 7402735 | 7124166 | 278569 |
| ബി. ഫണ്ട് | - | 40421080 | 40421080 | 40421080 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2746072 | 23798320 | 26544392 | 21008747 | 5535645 |

കുറിപ്പ് - വാർഷിക കണക്കിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, NULM എന്നിവ ചേർന്ന തുകകൾ ഒറ്റ ഹെഡിലായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നഗരസഭക്ക് അനുവദിക്കപ്പെട്ട താഴെപ്പറയുന്ന ഗ്രാന്റുകൾ വിനിയോഗിക്കാതിരുന്നതിനാൽ ലാപ്സായിട്ടുണ്ട്.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 48927 |
| വികസനഫണ്ട് എസ്.സി.പി. | 9182937 |
| സംരക്ഷണഗ്രാന്റ് റോഡ് | 4187813 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1344616 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 40992373 |

ഇത്തരത്തിൽ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-4-1 ഗ്രാന്റ് വിനിയോഗം

23.01.2021 - ലെ സ. ഉ (കൈ) 16/2021/ത.സ്വ.ഭ.വ പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ ഫറോക്ക് നഗരസഭയുടെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1). ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്. സി. പി), മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്), ധനകാര്യകമ്മീഷൻ ഗ്രാന്റ് - Untied എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ. കെ. എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7,30,75,803 | 1,86,53,702 |
| വികസന ഫണ്ട് (എസ്. സി. പി) | 5,36,01,148 | 2,22,14,000 |

| | | |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്) | 1,09,83,229 | 61,84,229 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 6,19,03,631 | 5,94,11,786 |

2) വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്. സി. പി), മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied എന്നീ ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകവനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 273 | 106 | 28 | 139 | 38.82 |

ഡി.പി.സി. അഗീകാരം ലഭിച്ച 273 പ്രൊജക്ടുകളിൽ 134 എണ്ണം മാത്രമേ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുള്ളൂ. ആകെ പദ്ധതി അടങ്കലായി 172716617/- രൂപ വകയിരുത്തിയതിൽ 66495903/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 12642317/- രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം നഗരസഭയ്ക്ക് വിവിധ പദ്ധതികൾക്കായി അനവദിച്ച ഗ്രാന്റുകൾ ചെലവഴിക്കാത്തതിനാൽ 5,57,56,666/- രൂപ ലാപ്സായിട്ടുണ്ട്. (ഫണ്ടിനം തിരിച്ച് വിശദാംശം ഖ. 1-4 കാണുക)

ഡി.പി.സി. അംഗീകാരം ലഭിച്ച 170 മരാമത്ത് പ്രൊജക്ടുകളിൽ 75 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 85685943/- രൂപ വകയിരുത്തിയതിൽ 28086589/- രൂപയാണ് 2019-20 വർഷത്തിൽ ചെലവഴിച്ചത്. അതായത് 32.77 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. നിലവിലുള്ള വനിതാ വ്യവസായ കേന്ദ്രം തന്നെ നിഷ്ക്രിയ ആസ്തിയായിരിക്കെ 921693/- രൂപ 2018-19, 2019-20 വർഷങ്ങളിൽ പ്രസ്തുത കെട്ടിടത്തിനായി ചെലവഴിച്ചിട്ടുണ്ട്. ( ഖ 1-21) സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ബയോഗ്യാസ് പ്ലാന്റ് ഗാർഹികം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. കൂടാതെ നഗരസഭാ ലൈബ്രറിയിലേക്ക് വാങ്ങിയ കംപ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല (ഖ. 1-27, 1-31). ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ജാഗ്രതാസമിതി ശില്പശാലയ്ക്കായി പണം ചെലവഴിച്ചെങ്കിലും ശില്പശാല നാളിതു വരെ നടത്തിയിട്ടില്ല ( ഖ. 1- 39). കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന കാർഷിക പ്രോജക്ടുകൾ നഗരസഭ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത് /തൈ /വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത്.

## 1-6 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 20880 | 58 |
| കർഷക തൊഴിലാളി പെൻഷൻ | 1281600 | 241 |
| വിധവാ പെൻഷൻ | 11140200 | 2070 |
| വാർദ്ധക്യകാല പെൻഷൻ | 23263200 | 4534 |
| വികലാംഗ പെൻഷൻ | 3098200 | 580 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 867000 | 169 |
| വിവാഹ ധനസഹായം | 750000 | 25 |

## 1-7 ആഭ്യന്തര നിയന്ത്രണം.

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ നഗരസഭയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് കാണുന്നു. ഓഫീസ് ഉത്തരവ് മുഖേന സെക്രട്ടറി ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും ഫീൽഡ് തല റിപ്പോർട്ടിംഗിന് ചുമതലപ്പെട്ട ജീവനക്കാർ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഓഫീസിലെ മുഴുവൻ ക്ലർക്കുമാർക്കും വാർഡ് ചുമതലകൾ നൽകിക്കൊണ്ട്, പെർമിറ്റ് ഇല്ലാതെ നടത്തുന്ന നിർമ്മാണങ്ങൾ അതത് സമയം റിപ്പോർട്ട് ചെയ്യുന്നതിനും, റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിൽ ഒരു സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്.

സ്ഥാപനത്തിലെ രേഖകളുടെ സൂക്ഷിപ്പ് സംവിധാനം കാര്യക്ഷമമല്ല. ഫയലുകളിൽ നടപടികൾ സമയബന്ധിതമായി നടപ്പാക്കപ്പെട്ടു എന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരാൽ നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകൾ സൂക്ഷിക്കുന്നതിലും സെക്ഷനുകൾ വീഴ്ച വരുത്തിയിട്ടുണ്ട്. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. വാടക വരവൊഴികെയുള്ള വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളോ വരവ് രജിസ്റ്ററുകളോ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. ഇത് കാരണം സ്ഥാപനത്തിന് പിരിച്ചെടുക്കാനുള്ള നികുതി - നികുതിയേതര വരുമാനങ്ങളെ കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ലാതിരിക്കുകയും തന്മൂലം വരുമാന നഷ്ടമുണ്ടാകാനും

കാരണമാകുന്നു.

ആസ്തികളുടെ സംരക്ഷണത്തിലും പരിപാലനത്തിലും സ്ഥാപനത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. വീഴ്ച പുഴ – പുറമ്പോക്കുകൾ കയ്യേറുന്നതിലും ആസ്തി അന്യാധീനപ്പെടുന്നതിനും കാരണമായേക്കാം. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ കൃത്യമാക്കുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയർ വർക്ക് രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. പരാതി ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വർക്ക് ഫയലുകളിൽ ബിൽ കോപ്പികൾ, പ്രോജക്ട്, നോട്ട് ഫയലുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നില്ല. ഒരു പ്രവൃത്തിയുടെ തനത് ഫണ്ട് ചെലവിന്റെ കൃത്യത പരിശോധിച്ചുറപ്പ് വരുത്തുന്നതിനാവശ്യമായ സംവിധാനം നിലവിലില്ല.

റോഡ് റീഫോർമേഷൻ പ്രവൃത്തിക്കായി ജല വിതരണ അതോറിറ്റിയിൽ നിന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിലും കുറഞ്ഞ നിരക്കിൽ തുക ആവശ്യപ്പെട്ടത് നഗരസഭയ്ക്ക് വൻ നഷ്ടമുണ്ടാക്കി (ഖണ്ഡിക 1- 18 കാണുക). പ്രോജക്ട് വെക്കാതെ തുക ചെലവഴിച്ചതും (ഖണ്ഡിക 1- 20, 1-35 കാണുക). മിനി ഇൻഡസ്ട്രിയൽ സെന്ററിലെ പ്രവൃത്തികൾ ഉപകാരപ്രദമായില്ല എന്നതു കൂടാതെ നഗരസഭയുടെ രേഖാമൂലമുള്ള അനുമതി കൂടാതെ അനധികൃത നിർമ്മാണം നടത്തിയതും (ഖണ്ഡിക 1-22 കാണുക) പദ്ധതി രൂപീകരണത്തിലെ അപാകതയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും കാര്യക്ഷമത ഇല്ലായ്മയുടെയും നേർകാഴ്ചയാണ്.

ധന മാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ച കാണുന്നില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15/02/2022 ന് 5 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 223579/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 റിപ്പോർട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം

1996-97 വർഷം മുതൽക്കുള്ള റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതായി 2018-19 വർഷത്തെ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. അവശേഷിക്കുന്ന ഭൂരിഭാഗം റിപ്പോർട്ടുകളുടെ കാര്യത്തിലും പരാമർശങ്ങൾ പൂർണ്ണമായിതന്നെ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നുള്ളത് വിഷയത്തിന്റെ ഗൗരവം കൂട്ടുന്നു. സ്ഥാപനം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലം മുതൽക്കുള്ളതാണ് മുൻകാല റിപ്പോർട്ടുകളിൽ പലതും. റിപ്പോർട്ടുകൾക്ക് കാലാകാലങ്ങളിൽ മതിയായ പ്രാധാന്യം നല്കാത്തത്, ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലടക്കം അപാകതകൾ തുടർന്നു വരുന്നതിന് കാരണമായിട്ടുണ്ട്. കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിന് ഓഡിറ്റ് കൊണ്ട് ലഭ്യമാകുന്ന പ്രയോജനം സ്ഥാപനം ഉപയോഗപ്പെടുത്തുന്നില്ല. 2015-16 മുതൽ 2018-19 വരെയുള്ള ഏറ്റവും ഒടുവിലത്തെ നാല് വർഷങ്ങളിലെ റിപ്പോർട്ടുകളുടെ തുടർ നടപടി പരിശോധിച്ചതിൽ. അനന്തരറിപ്പോർട്ട്, അനന്തര പരാമർശം എന്നിവ അയച്ചിട്ടുണ്ടെങ്കിലും ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള കാര്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും , അതിനോടനുബന്ധിച്ച് ഉൾപ്പെടുത്തിയ മരാമത്ത്

പ്രവർത്തികളുടെയും, കെട്ടിടനിർമ്മാണത്തെ സംബന്ധിച്ച സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടും ഭരണസമിതിയുടെ മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ഭരണസമിതിയുടെ പ്രത്യേക യോഗം വിളിച്ച് ചേർത്ത് റിപ്പോർട്ട് ചർച്ച ചെയ്യണമെന്ന നിയമപരമായ ബാധ്യതയുണ്ടായിരിക്കെയാണ് ഇത്തരം കൃത്യവിലോപമുണ്ടായിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡു സഭകളിൽ വരെ അവതരിപ്പിക്കണമെന്ന നിയമപരമായ ബാധ്യതയുണ്ടായിരിക്കെ ജനങ്ങളുടെ പ്രതിനിധികൾക്ക് മുമ്പാകെ പോലും ഓഡിറ്റ് തീയതിവരെ ഇവ അവതരപ്പിക്കപ്പെട്ടില്ല. കൂടാതെ റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ നടപടിക്ക് നേതൃത്വം നല്കേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ റിപ്പോർട്ടുകൾ കണ്ടിട്ടുപോലുമില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നു. കൂടാതെ എക്സിറ്റ് മീറ്റിംഗിൽ റിപ്പോർട്ട് സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ മാത്രമാണ് ഭരണസമിതി അംഗങ്ങൾ സ്പെഷ്യൽ റിപ്പോർട്ടിനെ കുറിച്ച് അറിഞ്ഞിട്ടുള്ളത്. പ്രഥമമറുപടി ലഭിക്കാത്തതിനെ തുടർന്ന് അനന്തര റിപ്പോർട്ട് നൽകിയതിനുശേഷം മാത്രമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടുകൾ സ്ഥാപനം അവശ്യമായ പ്രാധാന്യത്തോടെ പരിഗണിക്കുന്നില്ലെന്ന് നാളിതുവരെയുള്ള റിപ്പോർട്ടുകളോടുള്ള സമീപനം വ്യക്തമാക്കുന്നു.

2018-19 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ഖണ്ഡികളിൽ അധികമായി ചെലവഴിച്ച തുകകൾ തിരികെ അടവാക്കിയിട്ടുണ്ട്.

(ഖണ്ഡിക -3.3 KL019254805202021 M പ്രകാരം 121892/രൂപയും ഖണ്ഡിക -3.5 KL019255399202021 M പ്രകാരം 9980/രൂപയും,ഖണ്ഡിക -3.6 KL019255802202021 M പ്രകാരം 14804/രൂപയും,ഖണ്ഡിക 3.1 KL019255594202021 M പ്രകാരം 16279/രൂപയും ഉൾപ്പെടെ ആകെ 162955/രൂപ അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടികളെടുത്ത് തീർപ്പാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

കാലാകാലങ്ങളിൽ ഉത്തരവാദിത്വം വഹിച്ച സെക്രട്ടറിമാർക്കും, കീഴിലുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും വീഴ്ചയ്ക്ക് പൂർണ്ണമായ ഉത്തരവാദിത്വമുണ്ട്. അപാകതകൾക്ക് വ്യക്തമായ വിശദീകരണവും, കൃത്യമായ രേഖകളും ലഭ്യമാക്കി റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ച് പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-10 വസ്തുനികുതി ഫയലുകൾ ഹാജരാക്കിയിട്ടില്ല

2019 - 20 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച ചുവടെ കാണിച്ച ഫയലുകൾ ഓഡിറ്റ് ആരംഭിച്ച ദിവസമായ 14/02/2021 നം തുടർന്ന് 16/02/2022 നം റിക്വിസിഷൻ മുഖേന ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഫയൽ നം | പെർമിറ്റ് നം | ഉടമസ്ഥന്റെ പേര് വിവരങ്ങൾ | കെട്ടിട നമ്പർ | ഉപയോഗക്രമം | റിക്കോർഡ് കീപ്പർക്ക് ഫയൽ കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|---|
| 1 | A4/586/19 26/04/19 | A4/16271/17/ 23/03/18 | പി.കെ അഷറഫ് സെമീന വളപ്പിൽ ഹൗസ് കല്ലംപ്പാറ , പെരുമുഖം | 15/653 -B 15/653 E,F | വാണിജ്യം | ബണ്ടിൽ - 68/ തീയതി രേഖപ്പെട്ടത്തിയില്ല. |
| 2 | A4/441/19 /10/05/19 | A4/10256/17/ 13/10/17 | ജാബിർ,ചാലിപ്പാടം ഹൗസ് ,പെരുമുഖം ,ഫറോക്ക് | 10/467 F -J (I ഒഴികെ) | പാർപ്പിടം | ബണ്ടിൽ -44/ 26.08.19 |

| | | | | | | |
|---|---|---|---|---|---|---|
| 3 | A4/9607/18 /10/05/19 | 468/12-13 / 16/10/12 | ശാന്തമ്മ എൻ.വി ചെറിയ കുണ്ടായിതടം കോവിലകം റോഡ് ഫറോക്ക് | 2/21 A -E | പാർപ്പിടം | ബണ്ടിൽ -44/ 26.08.19 |
| 4 | FE/1050/19/ 18/05/19 | 673/18/ 06/12/18 | കൃഷ്ണൻ, സരോജിനി കോരംകുന്നത്ത് കരുവൻതിരുത്തി | 19/38 A | വ്യവസായികം | ബണ്ടിൽ -48/ 26.08.19 |
| 5 | FE/14866/18 29/05/2019 | പെർമിറ്റ് നം.രേഖപ്പെടുത്തിയിട്ടില്ല. | സി ,അബ്ദുൾ മുനീർ മുഹമ്മദ് സാജിദ് , അബ്ദുൾസലാം എസ്.എസ്.എം ബേക്കസ് ,ചുങ്കം , ഫറോക്ക് | 6/676 A,B | വ്യവസായികം | |
| 6 | FE/2203/18 03/07/19 | A4/406/14-15 /26/05/15 | ഇലനാട്ടിൽ സലീന ഇസ്സത്ത് മഹൽ കരുവൻതിരുത്തി | 1/94 C1,D | വാണിജ്യം | ബണ്ടിൽ - 51/ 26.08.19 |
| 7 | FE/1770/19 03/07/19 | A4/13779/ 1/6/11/17 | അസിദ കെ.എം അസിദ മൻസിൽ ചുങ്കം | 7/279- C,D | പാർപ്പിടം | |
| 8 | FE/12654/18 05/07/19 | 268/14-15 06/08/15 | പുതിയ ചിറയ്ക്കൽ അബ്ദുൾ റഷീദ് ആവണിക്കാട് പുല്ലിക്കടവ് ,പെരുമുഖം | 14/575 B | വാണിജ്യം | ബണ്ടിൽ -54/ 03.10.19 |
| 9 | FE/5902/19 08/07/19 | 13756/495/ 17-18/11/11/17 | കളത്തിങ്ങൽ സാദിഖ് ഉയത്ത് പാടം മലയിൽ താഴം , ഫാറോക്ക് | 13/306 B | വാണിജ്യം | ബണ്ടിൽ - 53/ 03.10.2019 |
| 10 | FE/431/19 14/08/19 | A4/915/18 11/01/19 | ചിത്തരഞ്ജൻ മാട്ടുപ്പുറത്ത് , ഫറോക്ക് | 18/133-A To - F വരെ | വാണിജ്യം | ബണ്ടിൽ - 56/ 03.10.2019 |
| 11 | FE/5795/19 19/08/19 | 1316/17 16.02.17 | അഷ്റ അൽറൂമി സജ്നമൻസിൽ ചാമക്കാലയിൽ കല്ലംപാറ, പെരുമുഖം | 4/1014-B മുതൽ E വരെ | പാർപ്പിടം | ബണ്ടിൽ - 56/ 03.10.2019 |

| | | | | | | |
|---|---|---|---|---|---|---|
| 12 | FE/2652/19<br>29/08/19 | A4/12404/16<br>20/12/16 | പി.ബി മൻസൂർ അലി<br>പി.വി ഹൗസ്<br>മടത്തിൽപ്പാടം ,<br>ഫറോക്ക് | 7/118 F G, H | പാർപ്പിടം ,വാണിജ്യം | ബണ്ടിൽ - 55/ 03.10.2019 |
| 13 | FE/8099/19<br>30/08/19 | 13780/17<br>29.11.17 | കളത്തിങ്ങൽ ഹാജറ<br>ഷഹല നിവാസ്<br>ജി.എച്ച് റോഡ്<br>ചന്ത , ഫറോക്ക് | 11/481 B,C,D | വാണിജ്യം ഓഫീസ് | ബണ്ടിൽ - 62/ 13.12.2019 |
| 14 | FE/10054/19<br>30/08/19 | 5372/38/17-18/<br>31.08.17 | ഉൻമേഷ് കുമാർ .കെ<br>കിഴക്കേയിൽ<br>നല്ലൂർ, ഫറോക്ക് | 9/243 B .C,D,E | വാണിജ്യം | ബണ്ടിൽ - 55/ 03.10.2019 |
| 15 | FE/9980/19<br>04/09/19 | A4/9687/19<br>29/10/16 | അബ്ദുൾ മജീദ്<br>പി.ബി.കെ ഹൗസ്<br>തൈവെളപ്പിൽ ,<br>കരുവൻതിരുത്തി | 23/185 A,B,C,D | വാണിജ്യം | |
| 16 | FE/1771/19<br>28/09/19 | A4/715/15<br>10/3/15 | എം .ഗോപി<br>എം .ചിത്തരഞ്ജൻ<br>മാട്ടപ്പുറത്ത്<br>ഫറോക്ക് | 4/318 B,C,D | വാണിജ്യം | ബണ്ടിൽ - 55/ 03.10.2019 |
| 17 | FE/444/19<br>06/12/19 | A4/11436/18<br>04/8/18 | ഇൻഡസ് ടവർ | 23/273K | ടവർ | |
| 18 | A4/1173/19<br>19/12/19 | 305/18-19<br>20/9/18 | അബ്ദുൾ കരീം<br>ഷാജി കോട്ടേജ്<br>കരുവൻതിരുത്തി | 4/24 A,B,C | പാർപ്പിടം | ബണ്ടിൽ - 4/ തീയതി ഇല്ല |
| 19 | FE/13317/19<br>04/01/20 | പെർമിറ്റ് ലഭ്യമല്ല | അബ്ദുൾ സക്കീർ<br>റാബിയ<br>ആലുങ്ങൽ ഹൗസ്<br>കരുവൻ തിരുത്തി | 7/690 E,F,G,H,I,J | വാണിജ്യം | |
| 20 | FE/16737/19<br>24/12/19 | പെർമിറ്റ് ലഭ്യമല്ല | മുഹമ്മദ് അൻഷർ<br>അബൂബക്കർ<br>ഒലിപറമ്പ്<br>തൈക്കാട് ,<br>തൃശ്ശൂർ | 7/533 H, H1 | വാണിജ്യം | ബണ്ടിൽ - 4/ തീയതി ഇല്ല |

മേൽ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (പിരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരവുമുള്ള നിഗമനത്തിൽ എത്തുന്നതും, 1994 ലെ കേരള ലോക്കൽ ഫണ്ട് നിയമം വകുപ്പ് 11 ലെ ഉപവകുപ്പ് 1 (B) പ്രകാരവും, 1994 ലെ കേരള ലോക്കൽ ഫണ്ട് ചട്ടം 8 (2) പ്രകാരവുമുള്ള നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോദ്ധ്യപ്പെടുത്തേണ്ടതും, രേഖകൾ ലഭ്യമാണെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് എന്ന് ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/19-20/21.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ സമയബന്ധിതമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 1994 ലെ കേരള ലോക്കൽ ഫണ്ട് നിയമം വകുപ്പ് 11 ലെ ഉപവകുപ്പ് 1 (B) പ്രകാരവും, 1994 ലെ കേരള ലോക്കൽ ഫണ്ട് ചട്ടം 8 (2) പ്രകാരമുള്ള നടപടികൾ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

1-11 ചട്ടം ലംഘിച്ച് നഗരസഭാ നിർമ്മാണം

ചാലിയാർ പുഴയുടെ തീരത്തെ പുഴ പുറമ്പോക്കിൽ, നിലവിലുള്ള പാതയിൽ നിന്നും പുഴയുടെ ഭാഗത്തേക്കുള്ള ഭൂമിയിലാണ് നഗരസഭ കളിക്കുടുക്ക അങ്കണവാടി, മാലിന്യ സംസ്കരണ കേന്ദ്രം എന്നിവ നിർമ്മിച്ചിട്ടുള്ളത്. CRZ മേഖലയിൽ കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിന് ചുമതലപ്പെട്ട നഗരസഭ തന്നെ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കെട്ടിടങ്ങൾ നിർമ്മിച്ചത് പൊതുജനങ്ങളിൽ തെറ്റായ സന്ദേശം ജനിപ്പിക്കുന്നതിന് കാരണമാവുന്നുണ്ട്. 2018-19 ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രസ്തുത കാര്യങ്ങൾ പരാമർശിച്ചിട്ടും 2021-22 സാമ്പത്തിക വർഷത്തിലും നഗരസഭ പ്രോജക്ട് നമ്പർ S0048/22 പ്രകാരം വികസന ഫണ്ട് 2,31,000/-രൂപയും തനത് ഫണ്ട് 10,00,000 രൂപയും ആകെ 12,31,000/- രൂപ വകയിരുത്തി ബഹുവർഷ പദ്ധതിയായി വയോജന പാർക്കും ഓപ്പൺ സ്റ്റേജും നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവർത്തിയ്ക്കായി നഗരസഭ ഏകദേശം 16 സെന്റ് സ്ഥലം മണ്ണിട്ട നികത്തിയിട്ടുണ്ട്.

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 208 എ (1) ഉപവകുപ്പ് (4) പ്രകാരം ഇതിലേക്കായി നഗരസഭ നല്കിയിട്ടുള്ള ഒരു പെർമിറ്റ് പ്രകാരവും അതിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലാതെ സ്വയം ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ നീക്കം ചെയ്യുകയോ തനിക്കായി കൈവശപ്പെടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ്.

പരിസ്ഥിതി പ്രാധാന്യമുള്ളതും നഗരസഭ സംരക്ഷിക്കാൻ ബാധ്യതപ്പെട്ടതുമായ പുഴ-പുറമ്പോക്ക് ഭൂമികൾ നഗരസഭ തന്നെ ദുരുപയോഗം ചെയ്യുന്നത് ശരിയായ നടപടിയല്ല.

ഭാരത് ക്ഷേത്രഭൂമി സംരക്ഷണ വേദി ചാരിറ്റബിൾ ട്രസ്റ്റ് സംസ്ഥാന ചെയർമാൻ ശ്രീ കീഴാലഞ്ചേരി രത്നാകരൻ നൽകിയ പരാതിയിലും ഫറോക്ക് നഗരസഭാ ഓഫീസ് നിൽക്കുന്ന കെട്ടിടം മുതൽ 3 വീടുകളും , ഈർച്ച മിൽ ഉൾപ്പെടെയുള്ള14 ഓളം കെട്ടിടങ്ങളും ഈ മേഖലയിൽ നിർമ്മിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട് .

മേൽ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 25/ *19-20/*20/02/20) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ചാലിയാർ പുഴയുടെ തീരത്ത് നഗരസഭ നിർമ്മിച്ച മാലിന്യസംസ്കരണ കേന്ദ്രത്തിന് ബഹു.ജില്ലാ കലക്ടർ CRZ ൽ നിന്നും ഒഴിവാക്കി നിർമ്മാണം നടത്താമെന്ന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്നും, 2021-22 ൽ നഗരസഭ കൗൺസിൽ തീരുമാനിച്ച് നടപ്പിലാക്കി വരുന്ന വയോജന പാർക്ക് സ്ഥിരം നിർമ്മാണങ്ങൾ ഒഴിവാക്കി ഭൂമിയുടെ അതിരുകെട്ടി മണ്ണ് നിറച്ച് വയോജന പാർക്ക് ,ഇരിപ്പിടം ഒരുക്കുന്ന പ്രവൃത്തിമാത്രമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും,

പൊതുജനങ്ങൾ കാലകാലമായി ഉപയോഗിച്ചുവരുന്ന താൽക്കാലിക വിശ്രമ ഷെഡ് റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റുന്നതിനാൽ വിശ്രമ കേന്ദ്രം ഒരുക്കുക മാത്രമാണ് പ്രവൃത്തികൊണ്ട് ഉദ്ദേശിക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട് .

പരിസ്ഥിതി പ്രാധാന്യമുള്ളതും നഗരസഭ സംരക്ഷിക്കാൻ ബാധ്യതപ്പെട്ടതുമായ പുഴ-പുറമ്പോക്ക് ഭൂമികൾ നഗരസഭ തന്നെ ദുരുപയോഗം ചെയ്യുന്നത് ശരിയായ നടപടിയല്ല. നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി കുടിശ്ശിക പെരുകുന്നു. ക്യാമ്പ് കളക്ഷൻ നടത്തുന്നില്ല.

നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ, വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | വസ്തു നികുതി കുടിശ്ശിക ബാക്കി (വാർഷിക കണക്ക് പ്രകാരം) (₹) |
|---|---|
| വസ്തുനികുതി ജനറൽ (കറന്റ്) | 24,38,131 |
| വസ്തുനികുതി ജനറൽ (അരിയർ) | 11,59,001 |
| ആകെ | 35,97,132 |

മേൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കും, ഡിമാന്റ് രജിസ്റ്ററും , അരിയർ ഡിമാന്റ് രജിസ്റ്ററും, ഡി.സി.ബി സ്റ്റേറ്റുമെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. 2021-22 ൽ ലഭ്യമാക്കിയ ഓഡിറ്റ് സമയത്തെ ഡി.സി.ബി.സ്റ്റേറ്റ് മെന്റ് പ്രകാരം വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 1,28,62,966/-രൂപയും തൻവർഷ വസ്തുനികുതി ഇനത്തിൽ 73,74,408/- രൂപയും ഉൾപ്പെടെ ആകെ ഈ ഇനത്തിൽ 2,02,37,374/- പിരിച്ചെടുക്കാനുള്ളതായി കാണുന്നു. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാലും ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റുമെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും കാലഹരണപ്പെട്ട തുകയുടെ മൂല്യം കണക്കാക്കുന്നതിന് സാധിച്ചിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിനായി ഓഡിറ്റ് വർഷമോ തുടർ വർഷങ്ങളിലോ ക്യാമ്പ് കളക്ഷൻ നടത്തിയിട്ടില്ല. തനത് വരുമാനം കുടിശ്ശികയായത് സംബന്ധിച്ച് കൃത്യമായി പരിശോധന നടത്തി, ഡിമാന്റ് നോട്ടീസ് നൽകി, ക്യാമ്പ് കളക്ഷൻ നടത്തി സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ഭരണസമിതിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, തനത് വരുമാനത്തിൽ ചോർച്ചയില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 ഇറോം പ്രോപ്പർട്ടി നെറ്റ് വർക്ക് പ്രൈ. ലിമിറ്റഡ്, ഹിൽവുഡ് ഫർണിച്ചർ പ്രൈ. ലിമിറ്റഡ് നഗരസഭയിൽ ഫയൽ ലഭ്യമല്ല.

1. ഫയൽ നമ്പർ- ബിൽഡിംഗ് പെർമിറ്റ് - 6678/2013/25/11/2013

ഉടമസ്ഥൻ - പി.എ കബീർ

- ഇറോം പ്രോപ്പർട്ടി നെറ്റ് വർക്ക് പ്രൈ. ലിമിറ്റഡ്

ഐ.ടി.ഐ മോർട്ടോർസ്.12/43 C, ചുങ്കം

മേൽ ഫയൽ നമ്പർ പ്രകാരം, പി.എ കബീർ എന്ന വ്യക്തി റിസർവ്വേ നം 419/5 പ്രകാരമുള്ള 0.0872 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള റെസിഡൻഷ്യൽ ബിൽഡിംഗ് മാറ്റി 617.16 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള വർക്ക് ഷോപ്പ് കം ഷോറൂം നിർമ്മിക്കുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് . പ്രസ്തുത അപേക്ഷ

സെക്രട്ടറി പരിഗണിക്കവേ ഭൂമിയുടെ തരം (കൈവശം സർട്ടിഫിക്കറ്റ് - 4363822/29/10/2013- Wet - ഫറോക്ക് വില്ലേജ്) നഞ്ചയായതിനാൽ വർക്ക് ഷോപ്പിന് അനുമതി നൽകാനാവില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ സ്ഥാപനത്തിന് തുടർന്നുള്ള കാലഘട്ടത്തിൽ പെർമിറ്റ്, നമ്പറിംഗ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും , ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19-20 തീയതി 17/02/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ 17/02/2022 ൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടേയും, ഓവർസീയറുടേയും, സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വർക്ക് ഷോപ്പ് കം ഷോറൂം പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടു. പ്രസ്തുത ഷോപ്പിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം 2009-10ൽ (സ്ഥാപനത്തിൽ നിന്ന് ലഭ്യമായ പെർമിറ്റ് പകർപ്പ് (എ3 232/*09-10/* 14.08.2009) പ്രകാരം) ശ്രീ പി. സിദ്ദീഖ് അഹമ്മദ് ഹാജിക്ക് 2147.66ച.മീ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ടാക്സ് രശീത് പ്രകാരം പ്രസ്തുത കെട്ടിടങ്ങളിൽ നിന്ന് കുടിശ്ശിക, വസ്തുനികുതി, ഗ്രന്ഥശാലാവരി എന്നിവ ഈടാക്കിയിട്ടിട്ടുണ്ട്.
സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | സഞ്ചയ പ്രകാരമുള്ള തറവിസ്തീർണ്ണം ച.മീറ്ററിൽ | സഞ്ചയ പ്രകാരമുള്ള വാർഷിക നികുതി | | |
|---|---|---|---|---|---|---|
| | | | | നികുതി | എൽ.സി | |
| 1 | ശ്രീ പി. സിദ്ദീഖ് അഹമ്മദ് ഹാജി | 7/132 | 47.04 | 50 | 3 | പാർപ്പിടാവശ്യം |
| 2 | | 7/132 A | 34.2 | 50 | 3 | പാർപ്പിടാവശ്യം |
| 3 | | 7/133 | 43.8 | 50 | 3 | പാർപ്പിടാവശ്യം |
| 4 | | 7/134 | 44.66 | 50 | 3 | പാർപ്പിടാവശ്യം |
| 5 | | 7/135 | 56.88 | 50 | 3 | പാർപ്പിടാവശ്യം |
| 6 | പി.എ.കബീർ | 7/135 A | 60 | 50 | 3 | പാർപ്പിടാവശ്യം |
| 7 | ശ്രീ പി. സിദ്ദീഖ് അഹമ്മദ് ഹാജി | 7/136 | 44 | 50 | 3 | പാർപ്പിടാവശ്യം |
| 8 | ഇറോം പ്രോപ്പർട്ടി നെറ്റ് വർക്ക് പ്രൈ. ലിമിറ്റഡ് | 12/7 A | 139 | 50944 | 2548 | വാണിജ്യം |
| 9 | | 12/7 B | 139 | 75625 | 3782 | വാണിജ്യം |
| 10 | | 12/7 C | 139 | 22950 | 1148 | വാണിജ്യം |
| | | | 747.58 | | | |

12/7, 12/7 A,B,C ERAM Motors ന് ലൈസൻസ് എടുത്തിട്ടുണ്ട്,

എന്നാൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലില്ല എന്നും, പലവട്ടം അവശ്യപ്പെട്ടിട്ടും സ്ഥാപനത്തിൽ കെട്ടിട നമ്പർ പതിച്ചിട്ടില്ല എന്നുമാണ് സ്ഥാപനത്തിൽ നിന്ന് നേരിട്ട് അറിയിച്ചത്.

2. ഫയൽ നമ്പർ- ബിൽഡിംഗ് പെർമിറ്റ് - ലഭ്യമല്ല

ഉടമസ്ഥൻ - ഷരീഫ് .വി

- ഹിൽവുഡ് ഫർണിച്ചർ പ്രൈ. ലിമിറ്റഡ്

- ഫറോക്ക്

ശ്രീ ഷരീഫ് വി എന്ന വ്യക്തി ഹിൽവുഡ് ഫർണിച്ചർ കം ഷോറൂം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. ( പെർമിറ്റ് ഫയൽ ലഭ്യമല്ല) പ്രസ്തുത അപേക്ഷ പരിഗണിച്ച് സെക്രട്ടറി ഫയൽ പരിശോധിച്ച് ഭൂമിയുടെ തരം നഞ്ചയായതിനാൽ പെർമിറ്റ് അനുമതി നിഷേധിച്ച് 8347/12 പ്രകാരം കത്ത് നൽകിയതായി ശ്രീ.ഷരീഫ് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും, ഇതേ ഭൂമിയിൽ ഫറോക്ക് ഗ്രാമപഞ്ചായത്ത് അനുവദിച്ച 5 കെട്ടിടങ്ങൾ ഉണ്ടെന്നും, ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്നും പ്രസ്തുത മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

അപേക്ഷ പരിഗണിച്ച് എൽ.എസ്.ജി.ഡി ഓവർസീയർ (പേരും, സീൽ ,തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല). കെട്ടിടത്തിന്റെ പ്ലാനും, സൈറ്റും പരിശോധിച്ച് പ്ലാൻ പ്രകാരമാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും, കൈവശത്തിൽ സ്ഥലം നഞ്ചയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും നോട്ട് ഫയലിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ക്രമവത്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി അനുവാദം നൽകുകയും ചെയ്തു. (31/04/2013 – T Abdunnasar) അതിനാൽ ലഭ്യമാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള 88.32ച.മീറ്റർ തറവിസ്തീർണ്ണത്തിന് ച.മീറ്ററിന് 50/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് 12/648 F കെട്ടിട നമ്പർ നൽകി നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് തുടർന്നുള്ള കാലഘട്ടത്തിൽ പെർമിറ്റ്, നമ്പറിംഗ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

17/02/2022 ൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻഞ്ചിനീയറുടേയും, ഓവർസീയറുടേയും, സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ (കംപ്ലീഷൻ പ്ലാൻ പ്രകാരം 88.32 ച.മീറ്റർ തറവിസ്തീർണ്ണമാണ് പ്രസ്തുത സ്ഥാപനത്തിനുള്ളത്.) 2 നില കെട്ടിടവും, മൂന്നാമത്തെ നില ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് ഉൾപ്പെടെ ഏകദേശം 890.3 ച.മീ തറ വിസ്തീർണ്ണവുമുള്ള കെട്ടിടങ്ങളാണെന്ന് കണ്ടു. കൂടാതെ പ്രസ്തുത പ്ലോട്ടിൽ 4 ൽ കൂടുതൽ കെട്ടിടങ്ങൾ നിലവിലുണ്ട്.

നഞ്ച ഭൂമിയിൽ അനുമതി നൽകിയത് ഏത് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്. നിലവിൽ നഗരസഭ നികുതി ഈടാക്കി വരുന്ന കെട്ടിട നമ്പർ, നികുതി വിവരങ്ങൾ എന്നിവയും, IPMS പ്രകാരമുള്ള വിവരങ്ങളും പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്, അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

മേൽ ഫയലുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരസഭ കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൃത്യമായി പാലിക്കാതെ പെർമിറ്റ് അനുവദിക്കുന്നു.

2. നികുതി നിർണ്ണയ സമയത്തോ, പുനർനിർണ്ണ സമയത്തോ സ്ഥപരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിൽ വീഴ്ച വരുത്തുന്നു.

3.അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 242 ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരിട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കുന്നില്ല.

4. പെർമിറ്റ് പ്രകാരവും ,കംപ്ലീഷൻ പ്ലാൻ പ്രകാരവും ഉള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കപ്പെടുന്നില്ല.

5. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

6.ഫയലുകൾ കൃത്യമായും,സുരക്ഷിതമായും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും, നഗരസഭ പരിധിയിലെ മുഴവൻ കെട്ടിടങ്ങളുടെയും കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കി ലഭ്യമാവേണ്ട തനത് വരുമാനം ഈടാക്കുന്നതിനുള്ള പരിശോധന നടത്തി തനത് വരുമാനം ചോർച്ചയില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് ഭരണസമിതിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-14 ക്രമവത്ക്കരണ പ്ലാൻ - നടപടി ക്രമം പാലിച്ചില്ല.

ഫയൽ നമ്പർ - എഫ്. ഇ *181/*370/19-20 തീയതി *04/01/2020*

വേങ്ങാട്ട് ജാഫർ ,

ജാസ്മിൻ ഹൗസ്, പേട്ട , ഫറോക്ക്, പിൻ 673 631

ശ്രീ. വേങ്ങാട്ട് ജാഫർ എന്ന വ്യക്തി നിലവിലുള്ള റെസിഡൻഷ്യൽ കം വാണിജ്യ കെട്ടിടത്തിൽ നടത്തിയ കൂട്ടിചേർക്കൽ ക്രമവത്ക്കരിക്കുന്നതിനാണ് റെഗുലറൈസേഷൻ പ്ലാൻ നൽകിയിട്ടുള്ളത്. പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫ്ലോർ | തറ വിസ്തീർണ്ണം |
|---|---|
| തറനില (Ext) റെസിഡൻഷ്യൽ | 176.78 ച.മീ |
| ഒന്നാം നില (Ext) റെസിഡൻഷ്യൽ | 153.44 ച.മീ |
| കൂട്ടിചേർത്ത പോർച്ച് | 31.03 ച.മീ |
| ആകെ റെസിഡൻഷ്യൽ തറ വിസ്തീർണ്ണം | 361.25 ച.മീ |
| തറനില (Ext) കൊമേർഷ്യൽ | 64.44 ച.മീ |
| ഒന്നാം നില (Ext) കൊമേർഷ്യൽ | 100.72ച.മീ |
| രണ്ടാം നില (Ext) കൊമേർഷ്യൽ | 12.84ച.മീ |
| കൂട്ടിചേർത്ത രണ്ടാം നില | 180.61 ച.മീ |
| ആകെ കൊമേർഷ്യൽ തറവിസ്തീർണ്ണം | 358.61 |
| | 719.86 ച.മീറ്റർ |

372/6 B റിസർവ്വേ നമ്പറിലുള്ള 0.0417 ഹെക്ടർ സ്ഥലത്ത് ആകെ 719.86 ച. മീറ്റർ തറവിസ്തീർണ്ണമുള്ള മേൽ പ്രതിപാദിച്ച കെട്ടിടത്തിൽ വാണിജ്യകെട്ടിടത്തിനായി 180.61 ച. മീറ്ററും, വാസഗൃഹത്തിനായി 31.03 ച. മീറ്ററും കൂട്ടിചേർത്തിട്ടുള്ളതിനാൽ ആയത് ക്രമവത്ക്കരിച്ച് നൽകുന്നതിനാണ് അപേക്ഷകൻ03/01/2020 ലെ എഫ്. ഇ *181/*370/19-20 പ്രകാരം ക്രമവത്ക്കരണ പ്ലാൻ സമർപ്പിട്ടിട്ടുള്ളത്. പ്രസ്തുത അപേക്ഷ പരിഗണിക്കവേ എൽ.എസ്. ജി.ഡി ഓവർസീയർ (ശ്രീമതി. വിജയ) സ്ഥല പരിശോധന നടത്തിയപ്പോൾ സമർപ്പിച്ച പ്ലാനിലെ അളവുകളും, നിർമ്മാണം നടത്തിയ പ്ലാനിലെ അളവുകളും തമ്മിൽ വ്യത്യാസം കാണുന്നുവെന്ന് നോട്ടിൽ രേഖപ്പെടുത്തിയതിനാൽ അസി. എഞ്ചിനീയർ നോട്ടീസ് നൽകുന്നതിന് ഉത്തരവ് നൽകുകയും ആയത് അനുസരിച്ച് അപാകതകൾ ചൂണ്ടികാണിച്ച് സെക്രട്ടറിയുടെ 24/08/20 ലെ എഫ്. ഇ *181/*370/19-20ന് പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മറുപടിയോ ന്യൂനത പരിഹരിച്ച് കൊണ്ടുള്ള അപേക്ഷയോ

ലഭ്യമായിട്ടില്ല എന്നും, ആയതിനാൽ ടി നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം ആയത് ലഭ്യമാക്കണമെന്നും, അല്ലാത്തപക്ഷം ഇനിയൊരറിയിപ്പ് കൂടാതെ ഫയൽ നടപടി അവസാനിപ്പിക്കുന്നതാണ് എന്നറിയിച്ച് മുനിസിപ്പൽ എഞ്ചിനീയർ 27/5/21ലെ എഫ്. ഇ *181/*370/19-20 പ്രകാരം കത്തും നൽകിയിട്ടുണ്ട്. തുടർന്ന് കക്ഷിക്ക് രണ്ട് തവണ നോട്ടീസ് അയച്ചിട്ടും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതാണ് എന്ന് സെക്ഷൻ നോട്ട് രേഖപ്പെടുത്തുകയും, മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഫയൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 391 പ്രകാരവും മുപ്പത് ദിവസത്തിനകം അനുവാദം നൽകുകയോ, വിസമ്മതിക്കുകയോ ചെയ്യേണ്ടതും സെക്രട്ടറി രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ക്രമവത്ക്കരണ പ്ലാൻ സമർപ്പിച്ച് 7 മാസങ്ങൾക്ക് ശേഷമാണ് അപേക്ഷന് നോട്ടീസ് നൽകിയിട്ടുള്ളത്. കാലതാമസത്തിന് കാരണം വ്യക്തമല്ല.

2. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 406 ലെ ഉപചട്ടം(1),(4),(5) പ്രകാരവും നടപടികൾ സ്വീകരിച്ചിട്ടില്ല. നടപടികൾ അവസാനിപ്പിക്കുന്നതാണ് എന്ന് സെക്ഷൻ നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും, മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാതെ നഗരസഭയ്ക്ക് ധനനഷ്ടം വരുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 242 ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതിന്റെ രണ്ടിരിട്ടിയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് അനധികൃതനിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കാതെ ഫയൽ നടപടികൾ അവസാനിപ്പിച്ചത് ശരിയായ നടപടിയല്ല.

അധികൃതമായ കെട്ടിടം ആയതിനാൽ കൂട്ടിച്ചേർത്ത ഭാഗം അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നഗരസഭയുടെ വസ്തുനികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം ബി1 -7463/18/18/12/2018 പ്രകാരം നികുതി ഈടാക്കിയാൽ ലഭിക്കാമായിരുന്ന തുക ചുവടെ കൊടുക്കുന്നു.

2019-20 രണ്ടാം അർദ്ധവർഷം

വാസഗൃഹത്തിനായി കൂട്ടിചേർത്ത ഭാഗത്തിന് =31.03 ച.മീ

= 31.03 ച.മീ X8 +20% + 5% = 298+15X3 = 894+45 ( വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് – നാഷണൽ ഹൈവേ )

2019-20 രണ്ടാം അർദ്ധവർഷം = 447 + 23

2020 - 21 സാമ്പത്തിക വർഷം = 894+45 രൂപ

ആകെ ഈ ഇനത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ പാർപ്പിടാവശ്യത്തിന് കൂട്ടിചേർത്ത ഭാഗത്തിന് 1341/- രൂപ വസ്തുനികുതിയും 68/-രൂപ ഗ്രന്ഥശാലവരിയും നഷ്ടമുണ്ടായിട്ടുണ്ട്.

വാണിജ്യാവശ്യത്തിനായി കൂട്ടിചേർത്ത ഭാഗം = 180.61 ച.മീ (ACCESS N H)

180.61 ച.മീ X110 -10%+20% +5% = 21457+1073 (ബഹുനിലകെട്ടിടങ്ങളുടെ ഇളവ് രണ്ടാം നില ആയതിനാൽ 10% ഇളവും,വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ വർദ്ധനവ് – 20% )

അനധികൃത നിർമ്മാണം ആയതിനാൽ 2019-20 $2^{nd}$ അർദ്ധവർഷം =
( 10729 +537 )X3 =32187+1611

2020 - 21 സാമ്പത്തിക വർഷം = (21457+1073)x3 = 64,371 + 3219

ആകെ വാണിജ്യാവശ്യത്തിന് കൂട്ടിചേർത്ത കെട്ടിട ഭാഗത്തിന് 2019-20,2020-21 സാമ്പത്തിക വർഷത്തിൽ = 96,558/- രൂപ വസ്തുനികുതിയും 4830/-രൂപ ഗ്രന്ഥാശാലവരിയും നഷ്ടമുണ്ടായിട്ടുണ്ട്.

ലഭ്യമാക്കിയ ക്രമവത്ക്കരണ പ്ലാൻ പ്രകാരം 97899/- രൂപ വസ്തുനികുതിയും 4898/- രൂപ ഗ്രന്ഥാശാലവരിയും നഷ്ടമുണ്ടായിട്ടുണ്ട്.

4. ഫയൽ നോട്ട് പ്രകാരം പാർപ്പിടാവശ്യത്തിന് 8/233 കെട്ടിട നമ്പർ നൽകി 129 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 229/- രൂപയാണ് നികുതി ഈടാക്കി വരുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പ്രതിപാദിത കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും പാർപ്പിടാവശ്യത്തിന് 8/233 കെട്ടിട നമ്പർ നൽകി 129 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 227/- രൂപയാണ് നികുതി ഈടാക്കി വരുന്നത്. എന്നാൽ പ്രവേശനം നാഷണൽ ഹൈവേയിൽ നിന്ന് ആയിട്ടു പോലും റോഡിന്റെ തരം 1.5 മീറ്റർ കൂടുതൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഈ അടിസ്ഥാനത്തിൽ നികുതിയിൽ ലഭ്യമാകേണ്ടിയിരുന്ന 20 ശതമാനം വർദ്ധനവ് നഷ്ടമാവുന്നു. കൂടാതെ വാണിജ്യാവശ്യത്തിന് 8/230, 231, 232, 234 എന്നീ കെട്ടിട നമ്പർ നൽകി ആകെ 56.8 ച.മീറ്റർ വാണിജ്യാവശ്യത്തിനാണ് നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു. ക്രമവത്കരണ പ്ലാൻ പ്രകാരം സ്ഥല പരിശോധന നടത്തി കൃത്യമായ അളവെടുത്ത് നികുതി ഈടാക്കുന്നതിനും, ക്രമവത്കരണം നടത്താനുള്ള നടപടി സ്വീകരിച്ച് നികുതി നഷ്ടം ഒഴിവാക്കുന്നതിന് പകരം ഫയൽ നടപടികൾ അവസാനിപ്പിച്ചത് അംഗീകരിക്കാവുന്നതല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/19-20 തിയ്യതി 19.02.2022) നൽകിയ മറുപടി ഇപ്രകാരമാണ്. പരിശോധനാ സമയം ഇരുനില കെട്ടിടത്തിന് മുകളിൽ ഷീറ്റ് ഇട്ട മേൽക്കൂര നിർമ്മാണം മാത്രമാണ് ഉണ്ടായിരുന്നതെന്നും, ഈ നില ഉപയോഗിക്കുന്നുണ്ടായിരുന്നില്ലയെന്നും, നിർമ്മാണം സ്ഥിര സംവിധാനമല്ല എന്ന വിധത്തിലായതിനാലാണ് യു.എ.സി. നമ്പർ ചുമത്തി നികുതി ഈടാക്കാതിരുന്നത് എന്നുമാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത അപാകതകൾ കാരണം നഷ്ടം വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും, മുൻകാലത്ത് നികുതി നിർണ്ണയിക്കപ്പെട്ടത് ഏത് രേഖയുടെ അടിസ്ഥാനത്തിലാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. നികുതി ചോർച്ച ഒഴിവാക്കുന്നതിന് ഭരണസമിതിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-15 തണ്ണീർതട സംരക്ഷണ നിയമം പാലിക്കാതെ വാണിജ്യകെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു.

റി സർവ്വേ നമ്പർ 37/65 പ്രകാരമുള്ള 5.61 ആർ സ്ഥലത്ത് 297.24 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള ഫർണിച്ചർ സ്റ്റോർ നിർമ്മാണത്തിനായി എഫ്. ഇ 8343/102/19-20/28/05/2019 നമ്പർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള പെർമിറ്റിന് അപേക്ഷിക്കുകയും, പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് 2008 – ലെ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം അനുവദനീയമല്ല. കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷകന്റെ<br>പേരും വിലാസവും | ശ്രീ. വാരിയം വീട്ടിൽ ഷരീഫ് അബ്ദുൾ<br>വാരിയം വീട്ടിൽ ഹൗസ്,<br>കരുവൻ തിരുത്തി പി. ഒ<br>കോഴിക്കോട് 670 643 |
| ഫയൽ നമ്പർ | എഫ്. ഇ 8343/102/19-20/28/05/2019 |
| ബിൽഡിംഗ് പെർമിറ്റ് | FE-BA (189552/2019/10/07/2019 |
| റി സർവ്വേ നമ്പർ | 37/65 |

| | |
|---|---|
| സ്ഥല വിസ്തീർണ്ണം | 5.61 ആർ |
| തറവിസ്തീർണ്ണം | 297.24 ച. മീറ്റർ |
| കൈവശത്തിൽ ഭൂമിയുടെ തരം | നിലം |

ഫയൽ നമ്പർ എഫ്. ഇ 8343/102/19-20/28/05/2019 ലെ സെക്ഷന്റെ നോട്ട് (28/05/2019) പ്രകാരം, അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും കൈവശാവകാശത്തിൽ ഭൂമിയുടെ തരം നിലമാണെന്നും രേഖപ്പെടുത്തി, തുടർനടപടികൾക്കായി എഞ്ചിനീയറിംഗ് വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്.

തുടർന്ന് എൽ.എസ്.ജി.ഡി ഓവർസീയർ രേഖപ്പെടുത്തിയ കുറിപ്പ് പ്രകാരം സ്ഥല പരിശോധന നടത്തിയിട്ടുണ്ടെന്നും, റിസർവ്വേ നമ്പർ 37/65 ൽ പ്പെട്ട സ്ഥലം മാസ്റ്റർ പ്ലാൻ പ്രകാരം Mixed Zone ൽ പെട്ടതാണെന്നും, പ്രസ്തുത സ്ഥലത്തിന്റെ മുൻവശത്തിലൂടെ 8 മീറ്റർ വീതിയുള്ള ചാലിയം ഫറോക്ക് റോഡ് പോകുന്നുണ്ടെന്നും, 50 വർഷം പഴക്കം ഉള്ള തെങ്ങും, ഫലവൃക്ഷങ്ങളും കൂടാതെ ഒരു ഷെഡ്ഡും നിലവിലുണ്ടെന്നും, സമർപ്പിച്ച പ്ലാൻ കെ.എം.ബി.ആർ – ന് വിധേയമായതിനാൽ പെർമിറ്റ് അനുവദിക്കാവുന്നതാണെന്നും എൽ . എസ്. ജി. ഡി ഓവർസീയർ (ശ്രീമതി വിജയ) രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീ സ്വീകരിച്ച് പെർമിറ്റ് അനുവദിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എഫ്. ഇ 8343/102 /19-20/28/05/2019 നമ്പർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള ഫർണിച്ചർ സ്റ്റോർ നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രതിപാദിച്ച വാണിജ്യകെട്ടിടം നിർമ്മിച്ച സ്ഥലങ്ങൾ റിസർവ്വേ നമ്പർ 37/65 കൈവശാവകാശ സർട്ടിഫിക്കറ്റിൽ തരം നിലം എന്ന് രേഖപ്പെടുത്തിയിട്ടും, പ്രസ്തുത കെട്ടിടത്തിന് വാണിജ്യാവശ്യത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് കാരണം വ്യക്തമല്ല.

2. ഭൂമിയുടെ തരം നിലമായിട്ടും, തരം മാറ്റിയ ഉത്തരവ് ലഭ്യമാക്കാതെ സമർപ്പിച്ച പ്ലാൻ കെ.എം.ബി.ആർ – ന് വിധേയമായതിനാൽ പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് എൽ. എസ്. ജി. ഡി ഓവർസീയർ (ശ്രീമതി വിജയ) രേഖപ്പെടുത്തിയത് ഏത് നിയമം അടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല.

3.രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാതെ സെക്രട്ടറി പ്ലാൻ അംഗീകരിക്കുകയും മുൻസിപ്പൽ എഞ്ചിനീയർ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2008 ലെ തണ്ണീർതട സംരക്ഷണ നിയമം 27A ഉപചട്ടം (6) പ്രകാരം പരമാവധി 4.004 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച. മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും, അല്ലെങ്കിൽ പരമാമവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ച. മീറ്റർ വിസ്തീർണ്ണമുള്ള ഒരു വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനും മാത്രമേ അനുവാദമുള്ളൂ. എന്നിട്ടും റവന്യൂ വകുപ്പിന്റെ തരം മാറ്റിയ ഉത്തരവ് ഇല്ലാതെ തന്നെ വാണിജ്യാവശ്യത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇത് ഏത് നിയമപ്രകാരമാണെന്ന് വ്യക്തമല്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/2019-20/ 21.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്ഥാപനത്തിൽ ബൈലോയില്ലാതെ വാടക കരാർ ചമയ്ക്കുന്നു.

ഫറോക്ക് നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക കരാർ ചമയ്ക്കുന്നതിന് അടിസ്ഥാനപരമായി സൂക്ഷിക്കേണ്ട ബൈലോ സ്ഥാപനത്തിലില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് വർഷാവർഷം വാടക വർദ്ധനവ് വരുത്തുന്നതും കരാർ പുതുക്കി നൽകുന്നതും. ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ അധീനതയിൽ നഗരസഭയുടെ വിവിധ ഇടങ്ങളിലായി 90 ൽ പരം ഷോപ്പിംഗ് കോംപ്ലക്സ് റൂമുകളുണ്ട് എന്ന് കാണുന്നു. എന്നാൽ ഇത്രയധികം ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ വാടകക്ക് നൽകാനുണ്ടായിട്ടും വാടക സംബന്ധിച്ചുള്ള ബൈലോ സ്ഥാപനത്തിലില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 567 പ്രകാരം ബൈലോകളുണ്ടാക്കാൻ സ്ഥാപനത്തിലെ അതാതു കൗൺസിലുകൾക്ക് അധികാരമുണ്ട്.

ഇത്തരത്തിലുണ്ടാക്കുന്ന ബൈലോകൾ മുനിസിപ്പാലിറ്റി ആക്ടിനും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാവരുത്. സ്ഥാപനങ്ങളിലെ ബൈലോകൾ പ്രകാരമാണ് വർഷാ വർഷ വാടക കരാർ പുതുക്കുന്നതും, വർദ്ധനവ് വരുത്തുന്നതും, വാടക പിരിവ്, കുടിശ്ശിക, അനധികൃത വാടകക്കാർ, ദുർബല വിഭാഗങ്ങൾക്ക് നിശ്ചിത ശതമാനം വാടക മുറികൾ സംവരണം ചെയ്യൽ, കൂട്ടിച്ചേർക്കലുകൾ, പിഴ ഈടാക്കൽ, ഒഴിപ്പിക്കൽ തുടങ്ങിയ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും നടപടികളും പുറപ്പെടുവിക്കുന്നത്. കൃത്യമായ ബൈലോയുടെ അഭാവത്തിൽ മുൻസിപ്പൽ ജീവനക്കാർ ഏത് മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയാണ് വാടക വർദ്ധനവ് വരുത്തുന്നതും വീഴ്ചക്കെതിരെ നടപടികൾ സ്വീകരിക്കുന്നതെന്നും വ്യക്തമല്ല. അടിയന്തിര പ്രാധാന്യത്തോടെ ഭരണ സമിതി ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല

നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ താഴെ പറയുന്ന റൂമുകൾ 2019-20 കാലയളവിൽ വാടക നൽകിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. /വാർഡ് /ഷോപ്പിംഗ് കോംപ്ലക്സ് | വാടക നല്കാനുള്ള ആളുടെ പേരു വിവരം | വാടക നൽകാനുള്ള കാലയളവ്/വാടക |
|---|---|---|---|
| 1. | 4/457- A-22 ഫറോക് ബസ് സ്റ്റാന്റ് കെട്ടിടം | സെക്രട്ടറി ഫറോക്ക് പ്രസ്സ് ക്ലബ്ബ് | 1682/മാസം 2019 ആഗസ്റ്റ് മുതൽ മാർച്ച് വരെ. |
| 2. | 5/624 (B-03) മാർക്കറ്റ് റോഡ് ബിൽഡിംഗ് | സോമൻ കെ. രാമൻകുളങ്ങര | 1080/മാസം 2019 മെയ് മുതൽ മാർച്ച് വരെ |
| 3. | 16/585 (K-05) മേലായി വളപ്പ് വനിതാ തൊഴിൽ സംരംഭ കേന്ദ്രം | വിസ്മയ അപ്പർ സ്റ്റിച്ചിംഗ് യൂനിറ്റ് | 1200/മാസം 2019-20 മുഴുവൻ കാലയളവ് |

മേൽ റൂമുകളിൽ നിന്നും നാളിതു വരെയുള്ള വാടക കുടിശ്ശികയും പിഴയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 ലെ ഒന്ന് രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | കരുവൻ തുരുത്തി സർവ്വീസ് സഹകരണ ബാങ്ക് | 1 -ാം അർദ്ധ വർഷം |
| 2 | കരുവൻ തുരുത്തി സർവ്വീസ് സഹകരണ ബാങ്ക് ചുങ്കം ബ്രാഞ്ച് | 2 – ാം അർദ്ധ വർഷം |
| 3 | കരുവൻ തുരുത്തി സർവ്വീസ് സഹകരണ ബാങ്ക് പേട്ട ബ്രാഞ്ച് | 1 & 2 അർദ്ധ വർഷം |
| 4 | കരുവൻ തുരുത്തി സർവ്വീസ് സഹകരണ ബാങ്ക് പെരുമുഖം ബ്രാഞ്ച് | 1 & 2 അർദ്ധ വർഷം |

| | | |
|---|---|---|
| 5 | യൂണിയൻ ബാങ്ക് | 1 & 2 അർദ്ധ വർഷം |
| 6 | ഗുജറാത്ത് കോ-ഒപ്പറേറ്റീവ് മിൽക് മാർക്കറ്റിംഗ് ഫെഡറേഷൻ | 2 -ാം അർദ്ധ വർഷം |
| 7 | റിലയൻസ് ട്രൻഡ്സ് | 2 -ാം അർദ്ധ വർഷം |
| 8 | റോയൽ അലയൻസ് ഓഡിറ്റോറിയം | 2 -ാം അർദ്ധ വർഷം |
| 9 | റെഡ് ക്രസന്റ് ഹോസ്പിറ്റൽ | 2 -ാം അർദ്ധ വർഷം |
| 10 | മോർബിഡോ വിനിൽ | 1 & 2 അർദ്ധ വർഷം |
| 11 | സ്റ്റീൽ ആർട്ട് അമ്പലങ്ങാട് | 1 & 2 അർദ്ധ വർഷം |
| 12 | റെയോ പ്രൊഡക്ട്സ് | 1 & 2 അർദ്ധ വർഷം |
| 13 | ആഗ്രോ ഇൻഡസ് ക്രഡിറ്റ്സ് | 1 & 2 അർദ്ധ വർഷം |
| 14 | പി. മുഹമ്മദ് ഹാജി & കമ്പനി | 2 -ാം അർദ്ധ വർഷം |
| 16 | മഹീന്ദ്ര & മഹീന്ദ്ര ഫിനാൻസ് | 1 -ാം അർദ്ധ വർഷം |
| 17 | റോയൽ കർട്ടൺ | 1 -ാം അർദ്ധ വർഷം |
| 18 | വി. ആർ. എൽ ലോജിസ്റ്റിക്സ് | 1 & 2 അർദ്ധ വർഷം |
| 19 | പ്രിന്റ് ആർട്ട്, ചുങ്കം ഫറോക് | 1 & 2അർദ്ധ വർഷം |
| 20 | ദനാ ബേങ്ക് | 1 -ാം അർദ്ധ വർഷം |
| 21 | ഫെയ്മസ് ബേക്കറി | 1 & 2 അർദ്ധ വർഷം |
| 22 | കെ. വി. ആർ മോട്ടോഴ്സ് | 2 -ാം അർദ്ധ വർഷം |
| 23 | ബേബി പ്ലാസ്റ്റിക്സ് | 1 & 2 അർദ്ധ വർഷം |
| 24 | ശോഭ ലിമിറ്റഡ് | 1 & 2 അർദ്ധ വർഷം |
| 25 | വ.കെ.സി. പോളിമേഴ്സ് | 2 -ാം അർദ്ധ വർഷം |
| 26 | എ. എം. മോട്ടോഴ്സ് | 2 -ാം അർദ്ധ വർഷം |
| 27 | പ്രീതി ഹൈപ്പർ മാർക്കറ്റ് | 1 & 2 അർദ്ധ വർഷം |
| 28 | ബിഗ് സേവ് സൂപ്പർ മാർക്കറ്റ് | 2 -ാം അർദ്ധ വർഷം |
| 29 | ഇൻഡസ് പോളി വിനയൽ | 1 & 2 അർദ്ധ വർഷം |
| 30 | അപരാജിത ഡൈനാമിക് സർജിക്കൽസ് | 1 & 2 അർദ്ധ വർഷം |
| 31 | ന്യൂ ഇന്ത്യാ അഷ്വറൻസ് | 1 & 2 അർദ്ധ വർഷം |
| 32 | ഹോട്ടൽ സെഞ്ചുറി | 1 & 2 അർദ്ധ വർഷം |
| 33 | ചാലിയാർ ഹോട്ടൽ | 1 & 2 അർദ്ധ വർഷം |
| 34 | റിലയൻസ് ജിയോ | 1 & 2 അർദ്ധ വർഷം |
| 35 | അരുണാ ഇന്ഡസ്ട്രീസ് | 1 & 2 അർദ്ധ വർഷം |
| 36 | പ്രിൻസ് ട്രേഡിംഗ് | 1 & 2 അർദ്ധ വർഷം |
| 37 | യുനൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് | 1 & 2 അർദ്ധ വർഷം |
| 38 | മുത്തൂറ്റ് ഫിൻ ഗ്രൂപ്പ് | 1 & 2 അർദ്ധ വർഷം |
| 39 | സെഞ്ചുറി സിൽക് | 1 & 2 അർദ്ധ വർഷം |
| 40 | ശിവഗിരി ഫ്യൂയൽസ് | 1 & 2 അർദ്ധ വർഷം |
| 41 | പോളിമർ വേൾഡ് | 2 -ാം അർദ്ധ വർഷം |
| 42 | കേരളാ സ്റ്റേറ്റ് കോ ഒപ്പറേറ്റീവ് ബാങ്ക് | 1 & 2 അർദ്ധ വർഷം |

| | | |
|---|---|---|
| 43 | മാവേലി സ്റ്റോർ | 1 & 2 അർദ്ധ വർഷം |
| 44 | മാവേലി സ്റ്റോർ | 1 & 2 അർദ്ധ വർഷം |
| 45 | മുക്കം ടയേഴ്സ് | 1 & 2 അർദ്ധ വർഷം |
| 46 | അതായി മാർക്കറ്റ് | 1 & 2 അർദ്ധ വർഷം |
| 47 | ആഗ്രോ ഇൻഡസ്ട്രീസ് ക്രഡിറ്റ്സ് | 1 & 2 അർദ്ധ വർഷം |
| 48 | ചോളമണ്ഡലം ഇൻവസ്റ്റ്മെന്റ് | 1 & 2 അർദ്ധ വർഷം |
| 49 | അറേബ്യൻ മജ് ലിസ് | 1 & 2 അർദ്ധ വർഷം |
| 50 | എൻ. കെ ട്രേഡേഴ്സ് | 1 & 2 അർദ്ധ വർഷം |

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 251, 2005 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. പിരിച്ചെടുക്കാനുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

നഗരസഭയുടെ അധീനതയിലുള്ള ഫറോക്ക് ബസ് സ്റ്റാന്റ്, മാർക്കറ്റ് റോഡ് ബിൽഡിംഗ്, ചന്തക്കടവ് ബിൽഡിംഗ്, പേട്ട മാർക്കറ്റ് ബിൽഡിംഗ്, ചന്ത വ്യവസായ ബിൽഡിംഗ്, നല്ലൂർ മിനി വ്യവസായ എസ്റ്റേറ്റ് , നല്ലൂർ മിനി സ്റ്റേഡിയം ബിൽഡിംഗ്, മുനിസിപ്പാലിറ്റി ബിൽഡിംഗ്, മേലായി വളപ്പ് വനിതാ തൊഴിൽ സംരംഭക കേന്ദ്രം തുടങ്ങിയ ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ വാടകക്ക് എടുത്ത 88 വാടകക്കാരിൽ 45 പേർ മാത്രമാണ് ഡി & ഒ ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. വാടകക്ക് എടുത്തവരിൽ ഭൂരിഭാഗവും വാടക കരാറിന്റെ പിൻബലത്തിലാണ് ബിസിനസ് നടത്തിപ്പോരുന്നത്.

ഡി & ഒ ലൈസൻസ് പുതുക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | നിലവിലെ വാടക |
|---|---|---|
| 1. | 4/544 (A-03) | 30,600 |
| 2. | 4/561 (A-21) | 8,600 |
| 3. | 5/622 (B-01) | 1,240 |
| 4. | 5/623 (B-02) | 1,097 |
| 5. | 5/624 (B-03) | 1,080 |
| 6. | 5/625 (B-04) | 1,045 |
| 7. | 5/627 (B-06) | 997 |
| 8. | 5/628 (B-07) | 1,079 |

| | | |
|---|---|---|
| 9. | 5/629 (B-08) | 1,034 |
| 10 | 5/631 (B-10) | 1,034 |
| 11. | 5/632 (B-11) | 1,095 |
| 12. | 5/633 (B-12) | 1,229 |
| 13. | 5/634(B-13) | 882 |
| 14. | 5/635 (B-14) | 858 |
| 15 | 5/757 (C-01) | 1,260 |
| 16. | 5/779 (D-01) | 2,300 |
| 17. | 5/780 (D-02) | 2,300 |
| 18. | 5/781 (D-03) | 2,300 |
| 19. | 5/782 (D-04) | 786 |
| 20. | 6/532 (T-01) | 588 |
| 21. | 6/533 (T-02) | 1,296 |
| 22. | 6/534 (T-03) | 1,259 |
| 23. | 6/535 (T-05) | 996 |
| 24. | 6/536 (T-07) | 791 |
| 25. | 6/538 (T-06) | 762 |
| 26. | 6/530 | 750 |
| 27. | 6/531 | 750 |
| 28. | 7/492 (F-01) | 474 |
| 29. | 7/493 (F-02) | 692 |
| 30. | 4/868 (J-06) | 3,019 |
| 31. | 4/873 ( J-11) | 783 |
| 32. | 4/874 (J-12) | 783 |
| 33. | 4/875 (J-13) | 788 |
| 34. | 4/876 (J-14) | 788 |
| 35. | 4/877 (J-15) | 905 |
| 36. | 4/878 (J-16) | 3,019 |
| 37. | 16/585-E (K05} | 1,200 |
| 38. | 17/(G-10) 200,201,202,203,204,205,206, 208, 209,212,221,222,223 | 20,000 |
| 39. | 17/206 (G-02) | 900 |
| 40. | 17/207 (G-03) | 886 |
| 41. | 17/210 (G-04) | 750 |
| 42. | 17/211 (G-05) | 750 |
| 43. | 17/217,218,219,220 | 8,000 |

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും

ലൈസൻസ് നൽകൽ ) ചട്ടം 5, 11 ലൈസൻസിനുള്ള അപേക്ഷ, ലൈസൻസ് പുതുക്കൽ എന്നിവ സംബന്ധിച്ച് കൃത്യമായി ചട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ട പ്രകാരമുള്ള യാതൊരു പരിശോധനയും സ്ഥാപനത്തിലില്ലാത്തത് കൊണ്ടാണ് ഇത്തരത്തിൽ വീഴ്ചയുണ്ടായിരിക്കുന്നത്. മേൽ വാടകക്കാരിൽ നിന്ന് പുതുക്കിയ ലൈസൻസ് ഫീയും പിഴയും അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 വെസ്റ്റ് നല്ലൂർ കുടിവെള്ള പദ്ധതി മെയിന്റൻസ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | വെസ്റ്റ് നല്ലൂർ കുടിവെള്ള പദ്ധതി മെയിന്റൻസ് – 219/20 |
| വകയിരുത്തിയ തുക | 8434/- (തനത് ഫണ്ട്)<br>166771/- (MG-NR) |
| ചെലവഴിച്ച തുക,ബിൽനമ്പർ,തിയ്യതി | 6518/- (4/30.4.19)<br>8434/- (Voucher No. 2778744/23.07.19 )<br>160253/- (48/19.7.19) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടർ | ശ്രീ. പി. അലി (M.Book-94/17-18) |
| എഗ്രിമെന്റ് നമ്പർ | AE/FM/83/17-18dt.07.03.18 |

വെസ്റ്റ് നല്ലൂരിലെ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ, ഗൺമെറ്റൽ നോൺ റിട്ടേൺ വാൾവ്, മോട്ടോർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് 2017-18 – ൽ ആസൂത്രണം ചെയ്ത പദ്ധതിയാണിത്. കോൺട്രാക്ടർ ശ്രീ. പി. അലിയുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ശ്രീ. പി. അലിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തി ടെണ്ടർ ചെയ്തത് സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2017-18 ലെ ടെണ്ടർ രജിസ്റ്ററിൽ പ്രസ്തുത പ്രവൃത്തി രേഖപ്പെടുത്തിയിട്ടില്ല.

2. എസ്റ്റിമേറ്റിലെ രണ്ടാം ഇനമായ മോട്ടോർ & പമ്പ്സെറ്റ് ആന്റ് ഇലക്ട്രിക്കൽ ഫിറ്റിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തിയതായോ, പ്രവൃത്തി സംബന്ധിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. നിലവിലുള്ള മോട്ടോർ നന്നാക്കാനാവാത്ത വിധം കേടുവന്നതായ റിപ്പോർട്ട് ലഭ്യമല്ല.

4. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 5 HP മോട്ടോർ സ്ഥാപിക്കുന്നതായാണ് രേഖപ്പെടുത്തിയത്. എന്നാൽ 10 HP മോട്ടോർ സ്ഥാപിച്ചതായാണ് എം. ബുക്കിൽ കാണിച്ചത്.

5. മോട്ടോറും ഇലക്ട്രിക്കൽ ഫിറ്റിംഗുകളും സ്ഥാപിച്ചതിന് 1,38,799/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ സാധനങ്ങൾ വാങ്ങിയ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. അഴിച്ചുമാറ്റിയ മോട്ടോർ ലേലം ചെയ്തത് സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7. കുടിവെള്ള പദ്ധതി മുനിസിപ്പാലിറ്റി നേരിട്ട് നടത്തുന്നതാണോ അഥവാ ഗുണഭോക്തൃകമ്മിറ്റിക്ക് കൈമാറിയതാണോ എന്ന് വ്യക്തമല്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/19-20 തിയ്യതി 18.02.2022 ) ലഭ്യമാക്കിയ മറുപടിയിൽ ഫയൽ പരിശോധിച്ച് വിശദമായ മറുപടി നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് വ്യക്തമായ മറുപടിയും രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരിഗണനാർഹമായ മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

1-21 വനിത വ്യവസായ കേന്ദ്രം - നിലവിലുള്ള കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായിരിക്കെ പുതിയ കെട്ടിടനിർമ്മാണം നടത്തി

| പ്രൊജക്റ്റിന്റെ നമ്പർ, പേര് | വനിതാ വ്യവസായ കേന്ദ്രം(319 /19 ) | വനിതാ വ്യവസായ കേന്ദ്രം( 274/20) |
|---|---|---|
| വകയിരുത്തിയ തുക | 18,16,710/- (വി. ഫ.)<br>83,290/-(തനത് ഫണ്ട്) | 4,02,417/-(വി. ഫ.)<br>7,78,007/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>44,914/-(തനത് ഫണ്ട്) |
| ചെലവഴിച്ച തുക, വൌച്ചർ/ബിൽനമ്പർ, തിയ്യതി | 5,19,576/-(വി.ഫ.)<br>( 9738/18.2.19) | 4,02,417/-(31/11.07.19)<br>694978/-(32/11.07.19) |
| എം. ബുക്ക് 5/17-18 | | |
| നിർവ്വഹണോദ്യോഗസ്ഥൻ അസി. എഞ്ചിനീയർ | | |
| കോൺട്രാക്റ്റർ – ശ്രീ. മുസ്തഫ. പി | | |
| എഗ്രിമെന്റ് നമ്പർ AE/FM/116/18-19dt.19.12.18 | | |

നിലവിലുള്ള വനിതാ വ്യവസായ കെട്ടിടത്തിൽ അധിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് 2018-19 – ൽ വിഭാവനം ചെയ്ത മേൽ പ്രോജക്ടുകൾ പ്രകാരം വനിതാ വ്യവസായകേന്ദ്രം കോമ്പൗണ്ടിൽ തെക്കു വടക്കായി സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് സ്റ്റെയർ കെയ്സ് നിർമ്മിച്ച് മുകളിൽ അഞ്ച് റൂമുകളുടെ കെട്ടിട നിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 16,16,971/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥലം നേരിൽ പരിശോധിച്ചതിലും വാടക രജിസ്റ്റർ, വർക്ക് ഫയലുകൾ എന്നിവ പരിശോധിച്ചതിലും കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. വ്യവസായകേന്ദ്രം വളപ്പിൽ നിലവിലുള്ള കെട്ടിടങ്ങളിൽ ആകെയുള്ള 21 റൂമുകളിൽ 10 എണ്ണവും ഒഴിഞ്ഞു കിടക്കവെ പുതിയ 5 റൂമുകൾ കൂടി നിർമ്മിക്കാൻ പ്രോജക്റ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി. നിലവിൽ പുതിയ കെട്ടിടത്തിലേതുൾപ്പെടെ 15 റൂമുകൾ നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്.

2. പുതിയ കെട്ടിടത്തിന്റെ വയറിംഗ്, പ്ലംബിംഗ് ജോലികൾ, ഷട്ടർ എന്നിവ പൂർത്തീകരിച്ചിട്ടില്ല.

3. മഴക്കാലത്ത് രണ്ട് മീറ്റർ ഉയരത്തിൽ വെള്ളം കയറുന്ന പ്രസ്തുത സ്ഥലം വ്യവസായകേന്ദ്രം നിർമ്മിതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല.

4. വ്യവസായ കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വീതിയുള്ള റോഡ്, ത്രീ ഫേസ് വൈദ്യുതിലൈൻ, ട്രാൻസ്ഫോർമർ, ജലലഭ്യത, ചുറ്റുമതിൽ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ

ഏർപ്പെടുത്തിയിട്ടില്ല.

ആവശ്യകത പരിഗണിക്കാതെ കെട്ടിടങ്ങൾ നിർമ്മിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/19-20 തിയ്യതി 21.02.2022) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട അസി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഫയൽ പരിശോധിച്ച് വിശദമായ മറുപടി എത്രയും പെട്ടെന്ന് ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടം ഉപയോഗപ്പെടുത്തി വിവരം അറിയിക്കേണ്ടതും വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-22 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | കരുവൻതിരുത്തി വില്ലേജിലെ SC കോളനികളുടെ നവീകരണം 194/20 |
| വകയിരുത്തിയ തുക | 10,00,000/- (വികസനഫണ്ട് എസ്. സി. പി.)<br>4,90,000/- (തനത് ഫണ്ട്) |
| ചെലവഴിച്ച തുക, ബിൽ/വൗച്ചർ നമ്പർ, തിയ്യതി | 5,88,599/- (01/30.04.19)<br>3,57,322/- (49/20.7.19)<br>3,98,287/- (21900902/14.02.20) |
| എം. ബുക്ക് | 48/17-18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കോൺട്രാക്ടർ | ശ്രീ. എം. അബ്ദുൾ മൻസൂർ |
| എഗ്രിമെന്റ് നമ്പർ | AE/FM/140/18-19dt.2/2/19 |

വിവിധ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2018-19 വർഷത്തിൽ വിഭാവനം ചെയ്ത മേൽ പ്രോജക്ടിൽ വിവിധ നടപ്പാതകളുടെയും ഡ്രെയിനേജിന്റെയും പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്തതിന്റെ വിവരം മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| മെഷർമെന്റ് പുസ്തകം പേജ് | അളവ് |
|---|---|
| പേജ് 2 | 48.59 ഘ. മീ. |
| പേജ് 20 | 19.55 ഘ. മീ. |

| | |
|---|---|
| ആകെ | 68.14 ഘ. മീ. |

ഈ നിർമ്മാണത്തിൽ ഐറ്റം നമ്പർ 4 പ്രകാരം റോഡ് നിർമ്മാണത്തിനായി മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. മെഷർമെന്റ് പുസ്തകം പേജ് 5, 23 എന്നിവ പ്രകാരം 106.70 ഘ. മീ. മണ്ണ് ഫിൽ ചെയ്തിട്ടുണ്ട്. ഇതിനായി 439.11 രൂപ നിരക്കിൽ 46,853.04 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഐറ്റം നമ്പർ 1 പ്രകാരം മേൽ അളവിൽ കുഴിച്ചെടുത്ത മണ്ണ്, ഫില്ലിങ്ങിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ലഭ്യമായിരിക്കെ ആയത് ഉപയോഗപ്പെടുത്താതിരുന്നതിനുള്ള കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/19-20 തിയ്യതി 19.02.2022 ) ലഭ്യമാക്കിയ മറുപടിയിൽ ഫയൽ പരിശോധിച്ച് പ്രവൃത്തി നടപ്പിലാക്കിയ കാലത്തെ എഞ്ചിനീയറുടെ വിശദീകരണം ലഭിച്ചശേഷം വിവരം ലഭ്യമാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. അസി. എഞ്ചിനീയർ നൽകിയ മറുപടി തൃപ്തികരമല്ല. കുഴിച്ചെടുത്ത 68.14 ഘ. മീ. മണ്ണ് ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ 29,921/- രൂപയുടെ (68.14 X 439.11) ചെലവ് ഒഴിവാക്കാമായിരുന്നു. ഈയിനത്തിൽ കരാറുകാരന് നൽകിയ 29,921/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് അനർഹമായി തുക അനുവദിച്ച എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-23 നികുതികളും ക്ഷേമനിധി വിഹിതവും ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകി

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ, പേര് | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് 206/20 |
| വകയിരുത്തിയ തുക | 9,58,000/- (CFC Grant)<br>5,17,000/- (MG-NR) |
| ചെലവഴിച്ച തുക,ബിൽനമ്പർ,തിയ്യതി | 9,58,000/- (12/22.06.19)<br>4,06,777/- (53/15.10.19) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടർ | ശ്രീ. പി. അലി |
| എഗ്രിമെന്റ് നമ്പർ | AE/FM/129/18-19dt.14.01.19 |

ഫറോക്ക് നഗരസഭയിലെ വിവിധ അങ്കണവാടികളുടെ മെയിന്റനൻസിനായി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 13,64,777/- രൂപയാണ്. പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയപ്പോൾ ജി. എസ്. ടി, ഐ. ടി, നിർമ്മാണ ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാതെ ബിൽ തുക പൂർണ്ണമായും കരാറുകാരന് നൽകുകയാണ് ചെയ്തത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | നൽകേണ്ട തുക | നൽകിയ തുക | കുറവ് | അധികം |
|---|---|---|---|---|
| കരാറുകാരന്റെ വിഹിതം | 13,10,185 | 13,16,737 | - | 6,552 |
| ജി. എസ്. ടി | 27,296 | 24,020 | 3,276 | |
| ഐ. ടി | 13,648 | 12,010 | 1,638 | |
| നിർമ്മാണ ക്ഷേമനിധി വിഹിതം | 13,648 | 12,010 | 1,638 | |

| | | | | |
|---|---|---|---|---|
| ആകെ | 13,64,777/- | 13,64,777/- | 6,552/- | 6,552/- |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും തുക അടവാക്കിയശേഷം വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കരാറുകാരന് അധികം നൽകിയ 6,552/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി അതാതു ഹെഡുകളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.

വാർഷിക കണക്കുകൾ, ഇ – ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളുടെ ഭാഗമായി മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) ലഭിച്ചതായി കാണുന്നില്ല. നാളിതു വരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ വല്ല തുകയും മുനിസിപ്പാലിറ്റിയിൽ വരവു വന്നിട്ടുണ്ടോ എന്നതു സംബന്ധിച്ചുമുള്ള വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ എസ്. ബി. ഐ. ഫറോക്കിലുള്ള 67390533401 നമ്പർ എസ്. ബി. അക്കൗണ്ടിൽ 28.01.2022 തിയ്യതിയിൽ 12,59,888/- രൂപ നീക്കിയിരുപ്പുണ്ട്. പ്രസ്തുത തുകകൾ ഏതെല്ലാം ഇനങ്ങളിലുള്ളതാണെന്ന് പരിശോധിച്ച് ഇ – ടെണ്ടർ ഫീ പൂർണ്ണമായും മുനിസിപ്പൽ ഫണ്ടിൽ അടവാക്കി വിവരം പരിശോധനക്ക് ഹാജരാക്കാനും 2017 മുതലുള്ള വരവു തുകകൾ ഇതുവരെയും മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കാത്തതിന് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുനിസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഇത്രയും വലിയ തുക അക്കൗണ്ടിലുള്ളത് അറിയില്ലായിരുന്നെന്നും തുക എന്തു ചെയ്യണമെന്ന് അറിയാത്തതിനാലാണ് നഗരസഭാ ഫണ്ടിൽ അടക്കാൻ കാലതാമസം നേരിട്ടതെന്നും തുക നഗരസഭയിൽ അടവാക്കുന്നതിന് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അക്കൗണ്ടിൽ ആവശ്യമായ മിനിമം തുക നിലനിർത്തി ബാക്കി തുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. തുടർന്ന് ഓരോ മാസവും ഈയിനത്തിലുള്ള തുക നഗരസഭാ ഫണ്ടിലേക്ക് കൈമാറേണ്ടതും ഇ – ടെണ്ടർ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

1-25 യു.എൽ. സി. .സി മാപ്പിംഗ് – ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചില്ല.

ഫറോക്ക് നഗരസഭയിലെ ആസ്തികളുടേയും അസസ്മെന്റ് പ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടേയും ഡാറ്റാ ബേസ് ഉപഗ്രഹ സഹായത്തോടെ തയ്യാറാക്കൽ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. കൗൺസിലിന്റെ 11.10.2018 ലെ 1 ൽ 1 നമ്പർ തീരുമാനപ്രകാരം ജി. ഐ. എസ്. മാപ്പിങ്ങിനായി ULCC യുമായി നെഗോസിയേഷൻ നടത്തിയ പ്രകാരം ഒരു കെട്ടിടത്തിന് 110 രൂപ നിരക്കിലും ഡ്രോൺ ക്യാമറ ക്ലാരിറ്റി പിക്ചർ ലഭ്യമാകുന്നതിന് ച. കി. മീറ്ററിന് 15,000 രൂപ നിരക്കിലും റോഡ് സർവ്വേ ച. കി. മീറ്ററിന് 7,000 രൂപ നിരക്കിലും 2018 ഡിസംബർ 31 നകം പൂർത്തീകരിക്കുന്ന വിധത്തിൽ ULCC ക്ക് കരാർ നൽകുന്ന കാര്യം പരിഗണിക്കാൻ തീരുമാനിച്ചു. 10-10-2018 ന് ULCC സമർപ്പിച്ച IPMS (Intelligent Property Management System) പ്രോജക്ട് പ്രകാരം 25,52,000 രൂപയാണ് ആകെ ചെലവായി കാണിച്ചിരിക്കുന്നത്. തുടർന്ന് 5-11-18 ന് ULCC യുമായി കരാറിൽ ഏർപ്പെടുകയും 12-10-18 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. കരാർ പ്രകാരം 2018 ഡിസംബർ 31 നകം പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. 2018-19, 2019-2020 വർഷങ്ങളിലായി ULCC സമർപ്പിച്ച ബില്ലുകൾ പ്രകാരം താഴെ കൊടുത്തിരിക്കുന്ന പ്രകാരം 25,52,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്/നംപർ | വകയിരുത്തിയ തുക/ഫണ്ടിനം | ചെലവ് തുക | വൗച്ചർ നംപർ |
|---|---|---|---|
| 238/19 യു.എൽ.സി.സി മാപ്പിംഗ് | 2800000 (തനത് ഫണ്ട്) | 400000 + 391720 + 708280= 1500000 | 1693324/30-11-2018 21800771/1-2-19 21900340/29-7-19 |
| 248/20 യു.എൽ.സി.സി മാപ്പിംഗ് | 10,52,000 (തനത് ഫണ്ട്) | 3,00,000 + 752000 = 10,52,000 | 21900740/24-7-19 21900658/18-11-19 |
| | ആകെ | 25,52,000 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പദ്ധതിനിർവഹണത്തിൽ ഐ. കെ. എം. സൂപ്പർവിഷൻ ലഭ്യമാ ക്കിയില്ല.

24.10.19 ലെ ജി.ഓ (സാധാ) 2556 /18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫറോക്ക് നഗരസഭയിലെ സമഗ്ര വിവരശേഖരണത്തിനായി ULCC യെ തെരഞ്ഞെടുത്തത്. ഉത്തരവ് പ്രകാരം ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവിഷനിൽ നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ ഐ.കെ.എം ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. പ്രവൃത്തി തുടങ്ങുന്നതിനു മുൻപോ പ്രവൃത്തിയുടെ ഏതെങ്കിലും ഘട്ടത്തിലോ ഐ.കെ.എം – ന്റെ സൂപ്പർവിഷൻ ഉറപ്പാക്കുന്നതിന് നഗരസഭ ആവശ്യപ്പെട്ടതായുള്ള വിവരം ഫയൽ പ്രകാരം ലഭ്യമല്ല. ഉത്തരവ് പ്രകാരം യു.എൽ.സി.സിയുടെ പ്രവൃത്തികൾ സർക്കാർ മാനദണ്ഡ പ്രകാരം ആണോ എന്ന് ഐ.കെ.എം സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

2. ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് പ്രവർത്തി നടത്തിയിട്ടില്ല .

ഉത്തരവ് പ്രകാരം ഐ.കെ.എം. ഉണ്ടാക്കി വിന്യസിച്ചിട്ടുള്ള ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് വേണം ജി.ഐ.എസ് മാപ്പിംഗ് നടത്താൻ. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണം. 24-12-2018 ന് സർവ്വേ പൂർത്തീകരിച്ച് 11-1-2019 ന് നഗരസഭാ കൗൺസിൽ മുൻപാകെ പവർ പോയിന്റ് പ്രസന്റേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. 14-1-2019 ന് ULCC സമർപ്പിച്ച IPMS റിപ്പോർട്ട് Not In AR (അസസ്മെന്റ് രജിസ്റ്റർ ഇല്ലാതെ ) എന്ന രീതിയിലാണ് നൽകിയിട്ടുള്ളത്. അതായത് അസസ്മെന്റ് രജിസ്റ്റർ പരിശോധിക്കാതെ സ്വന്തം നിലയ്ക്കാണ് ULCC, 38 വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിൽ ചില കെട്ടിട നമ്പറുകൾ പരിശോധിച്ചപ്പോൾ ULCC സമർപ്പിച്ച IPMS റിപ്പോർട്ട് പ്രകാരമുള്ള കെട്ടിട നമ്പറും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിട നമ്പറും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇപ്രകാരം ഐ.കെ.എം.

സോഫ്റ്റ്‌വെയറുകളുമായി പൂർണ്ണമായും സംയോജിപ്പിക്കാതെയും സർക്കാർ ഉത്തരവിന് വിരുദ്ധമായും ULCC നടത്തിയ വിവരശേഖരണം കൃത്യമായി പരിശോധിക്കാതെയാണ് തുക നൽകിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/19-2-22) മറുപടി നൽകിയിട്ടില്ല.

യു.എൽ.സി.സി യുമായി ബന്ധപ്പെട്ട് അവർ തയ്യാറാക്കിയ IPMS റിപ്പോർട്ട് ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാൻ നിർദ്ദേശിക്കേണ്ടതും പ്രസ്തുത ഡാറ്റ ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

1-26 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ടെണ്ടർ നടപടികൾ സുതാര്യമല്ല.

പ്രൊജക്ട് നം. - 91/20 (2019-20)

നിർവ്വഹണം - സെക്രട്ടറി

വകയിരുത്തിയ തുക – 7 ലക്ഷം (തനത് ഫണ്ട്) +
20000 (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) = 720000

ചെലവ് തുക - 330000+20000 = 350000

വൗച്ചർ നം. - 21901039/31.3.2020

ബിൽ നം. - 101/30.3.2020

പ്രൊജക്ട് നം. - 285/21(2020-21)

വകയിരുത്തിയ തുക - 370000 (തനത് ഫണ്ട്)

ചെലവ് -370000

ഫറോക്ക് നഗരസഭയിലെ ഹൈമാസ്റ്റ്, ലോ മാസ്റ്റ്, എൽ.ഇ.ഡി. ഉൾപ്പെടെ സ്ട്രീറ്റ് ലൈറ്റ് (മെറ്റീരിയൽസ് ഉൾപ്പെടെ ഒരു വർഷക്കാലത്തേക്ക്) മെയിന്റെയിൻ ചെയ്യുന്നതിന് ഇ-ടെണ്ടർ വിളിച്ചതിൽ 14-02-2020 ലെ 1 (3 ) കൗൺസിൽ തീരുമാനപ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. റിയാസ്. സി, അമ്മാസ് പവർ കോൺട്രാക്ടേഴ്സ്, അറുകണ്ടം ഹൗസ്, പുറ്റേക്കാട്ട് എന്നവരുടെ ടെണ്ടർ അംഗീകരിച്ചു. തുടർന്ന് 30.03.2020 ന് സമർപ്പിച്ച 20 നമ്പർ ഇൻവോയ്സ് പ്രകാരം 350000 രൂപ 2019-20 വർഷത്തിലും ബാക്കിയുള്ള 370000 രൂപ 2020-21 വർഷത്തിലും സ്ഥാപനത്തിന് നൽകി. (ഇൻവോയ്സ് നം. 4/04-08-2020, 12/20.03.2021) ആകെ 720000 രൂപ ചെലവഴിച്ചു.

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. E-tender.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ മുഴുവൻ വിവരങ്ങൾ ലഭ്യമാക്കുന്ന കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ഫയലിൽ വെച്ചിട്ടില്ല. ആയതിനാൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തയാൾ ആരെന്ന് ഫയൽ പ്രകാരം വ്യക്തമല്ല.

2. ഫയലിൽ ആകെ രണ്ട് ടെണ്ടർ ഫോറങ്ങളും ക്വാട്ട് ചെയ്ത നിരക്കുകളും മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഇത് പ്രകാരം 2 പേരും ക്വാട്ട് ചെയ്ത നിരക്കുകൾ താഴെ കൊടുത്തിരിക്കും വിധമാണ്.

| | എണ്ണം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1. റിയാസ്.സി,അമ്മാസ് പവർ കോൺട്രാക്ടേഴ്സ് | 1 | 719500 |
| 2. ക്വാളിറ്റി സർവീസ് സിസ്റ്റംസ്, കുറ്റനാട്, പാലക്കാട് | 1 | 65000 |

ഇവിടെ എത്ര യൂണിറ്റ് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് തുക ക്വാട്ട് ചെയ്തതെന്ന് വ്യക്തമല്ല. ഒരു വർഷത്തേക്ക് എണ്ണം കണക്കിലെടുക്കാതെ ആകെയുള്ള തെരുവ് വിളക്കുകളുടെ

റിപ്പയറിനാണ് തുക ക്വാട്ട് ചെയ്തതെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ക്വാളിറ്റി സർവീസ് സിസ്റ്റംസ് ആണ്. എന്നാൽ കൗൺസിൽ തീരുമാനപ്രകാരം ടെണ്ടർ റിയാസ്. സി. ക്കാണ് നൽകിയിരിക്കുന്നത്. ഇതിന്റെ കാരണം വ്യക്തമല്ല.

3. ഫയൽ പ്രകാരം പ്രസ്തുത ഇ-ടെണ്ടർ സൈറ്റിൽ നിന്നും ലഭ്യമായ ബിഡ്സ് ലിസ്റ്റ് പ്രിന്റ് എടുത്ത് വെച്ചിട്ടുണ്ട്. ആയതിൽ ബിഡ്ഡർ നെയിം, ബിഡ്ഡർ നമ്പർ, ബിഡ് സബ്മിറ്റ് തിയ്യതി എന്നിവ മാത്രം പ്രിന്റഡ് ഫോർമാറ്റിലും സ്റ്റാറ്റസ് പേന കൊണ്ട് എഴുതി ചേർത്തതായും കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | Bidder No. | Bidder Name | Submitted Date | Status (പേന കൊണ്ട് എഴുതി ചേർത്തത്) |
|---|---|---|---|---|
| 1 | 833870 | ELSTER Electronics | 03.02.2020 | 1420 |
| 2 | 834588 | Premier Trending Corporation | 05.02.2020 | 1399 |
| 3 | 834654 | Riyas.C | 05.02.2020 | 1285 |
| 4 | 833889 | Solenergees | 03.02.2020 | 1499 |
| 5 | 834670 | Usha Electronics Systems | 05.02.2020 | 1368 |

പ്രസ്തുത ബിഡുകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ തന്നെ ഇവ താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല. ഖണ്ഡിക-2 ൽ സൂചിപ്പിച്ച പ്രകാരം റിയാസ്. സി. ക്വാട്ട് ചെയ്ത നിരക്ക് 1285 ലേക്ക് എങ്ങിനെ പരിവർത്തനപ്പെടുത്തി എന്നത് വ്യക്തമല്ല. ലിസ്റ്റിൽ ക്വാളിറ്റി സർവ്വീസ് സിസ്റ്റത്തിന്റെ ബിഡ്ഡർ നെയിം ഏതാണെന്ന് വ്യക്തമല്ല.

ഇപ്രകാരം അവ്യക്തമായ ടെണ്ടർ ഫയലിൽ നിന്നും അമ്മാസ് പവർ കോൺട്രാക്ടേർസിനെ എങ്ങിനെയാണ് തെരഞ്ഞെടുത്ത് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാളായി കൗൺസിൽ അജണ്ടയായി അംഗീകാരത്തിന് വച്ചതെന്നും വ്യക്തമാക്കേണ്ടതാണ്.

4. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടില്ല .

നഗരസഭയുടെ 2019-20, 2020-21 കാലയളവിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രസ്തുത ഇ-ടെണ്ടർ കമ്മിറ്റിയിൽ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കാലയളവിൽ 31.12.2019 ലെ മീറ്റിംഗിന് ശേഷം 16.03.2020, 23.05.2020 തിയ്യതിയിൽ മാത്രമേ മീറ്റിംഗ് നടത്തിയിട്ടുള്ളൂ.

5. റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണവും ഇനവും വിലയും കാണിക്കുന്നില്ല .

20/20.03.2020 ഇൻവോയ്സ് പ്രകാരം താഴെ കൊടുത്തിരിക്കും പ്രകാരമാണ് ബിൽ തുക ക്ലെയിം ചെയ്തിരിക്കുന്നത്.

| Sl. No. | Description | Current Claim | Amount |
|---|---|---|---|
| 1 | LED, Highmast And Minimast Streetlight Maintenance | 35000 | 35000 |

| | | | |
|---|---|---|---|
| | | Total Project Cost | 719500 |
| | | Current Claim | 350000 |
| | | Taxable Value | 312500 |
| | | CGST 6% | 18750 |
| | | SGST 6% | 18750 |
| | | Total | 350000 |

പ്രസ്തുത ക്ലെയിം പ്രകാരമാണ് 3,50,000/- രൂപ അനുവദിച്ചിരിക്കുന്നത്. ഇവിടെ റിപ്പയർ ചെയ്തത് ഏതൊക്കെ തെരുവ് വിളക്കുകൾ, ഏതൊക്കെ പാർട്സുകൾ, എത്ര എണ്ണം എന്നിവ വ്യക്തമാക്കുന്നില്ല. ഓരോ വർഷവും നന്നാക്കിയ തെരുവ് വിളക്കുകൾ സംബന്ധിച്ച കൗൺസിലർമാരുടെ സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കോൺട്രാക്ടറുടെ ബില്ലുമായി താരതമ്യപ്പെടുത്താൻ സാധിക്കുന്നില്ല.

6. ജി.എസ്.റ്റി, ഐ. റ്റി എന്നിവ ഈടാക്കിയിട്ടില്ല .

കോൺട്രാക്ടർക്ക് നൽകുന്ന തുകയിൽ നിന്നും ജി.എസ്.ടി, ഇൻകം ടാക്സ് എന്നീ ഇനത്തിലുള്ള ടി.ഡി.സ് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ടെണ്ടർ സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/21-2-22) മറുപടി നൽകിയിട്ടില്ല. ടെണ്ടർ സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. 3,50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-27 ബയോ ഗ്യാസ് പ്ലാന്റ് - ഗാർഹികം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രൊജക്ട് നം. - 217/20

വകയിരുത്തിയ തുക – 165300 (ധന. കമ്മീഷൻ ഗ്രാന്റ്)

– 250200 (ഗുണഭോക്തൃവിഹിതം)

415500

ചെലവഴിച്ച തുക - 165300 ( ധന. കമ്മീഷൻ ഗ്രാന്റ്) ബിൽ നം. 2/11-6-19

250200 (ഗുണഭോക്തൃ വിഹിതം) വൗ.നം. 21900500/21.09.2019

415500

============

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രോജക്ട് മുഖേന മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലായി 50 വീട്ടുകളിലെ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന് വേണ്ടി 0.5 ക്യൂബിക് മീറ്റർ ശേഷിയുള്ള വാട്ടർ ജാക്കറ്റോടു കൂടിയ ബയോഗ്യാസ് പ്ലാന്റുകൾ എമറാൾഡ് എന്റർപ്രൈസസ് ലിമിറ്റഡ് മുഖേന സ്ഥാപിച്ചിട്ടുണ്ട്. 8,340 രൂപ യൂണിറ്റ് കോസ്റ്റുള്ള പ്ലാന്റിന് 5,004 രൂപ സബ്സിഡിയും 3,296 രൂപ ഗുണഭോക്തൃവിഹിതവുമാണ് ചെലവഴിച്ചത്. 2019-20 വർഷം വിവിധ വാർഡുകളിലായി 50 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് എമറാൾഡ് എന്റർപ്രൈസസ് ലിമിറ്റഡ് നഗരസഭയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

21.2.2022 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ വാർഡ്- 22 ലെ അനിൽകുമാർ. പി, പൊറ്റേക്കാട്, വാർഡ്- 5 ഫറോക്കിലെ ഷൺമുഖൻ എന്നിവരുടെ വീട്ടുകളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ സന്ദർശിച്ചു. രണ്ടു വീട്ടുകളിലും പ്ലാന്റ് ഉപയോഗിക്കുന്നില്ല. വാർഡ് 16

ലെ പെരുമുഖത്തുള്ള മുഗിഷ്മ തനിക്ക് ലഭിച്ച ബയോഗ്യാസ് പ്ലാന്റ് താൻ കൂടി അംഗമായ മുനിസിപ്പാലിറ്റി കോമ്പൗണ്ടിലുള്ള വനിതാ രുചി കാന്റീനിൽ കൊണ്ടു വച്ചെങ്കിലും ഇതുവരെയും ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ആവശ്യകത പരിഗണിക്കാതെ ബയോഗ്യാസ് പ്ളാന്റുകൾ വാങ്ങി വിതരണം ചെയ്തതിനും വിതരണം ചെയ്തവ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/22-2-22) മറുപടി നൽകിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന 50 ഗാർഹിക ഉടമകളുടെയും ബയോഗ്യാസ് പ്ലാന്റ് പരിശോധിച്ച്, എത്ര പേർ ഉപയോഗിക്കുന്നുണ്ട് എന്ന് വിലയിരുത്തി, ആവശ്യമില്ലാത്തവരിൽ നിന്നും തിരികെ വാങ്ങി ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമമനുസരിച്ച് ഉപയോഗപ്രദമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 സ്കൂളുകൾക്ക് ഫസ്റ്റ് എയ്ഡ് ബോക്സ് - വിതരണ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നംപർ/പേര് | 35/20 |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തിയ തുക | 25000 (തനതു ഫണ്ട്) |
| ചെലവുതുക | 24769 |
| വൗച്ചർ നംപർ | 21900836/16-1-2020 |

7 ഗവൺമെന്റ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ക്വട്ടേഷൻ മുഖേന നടക്കാവിലുള്ള സംജിത്ത് എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 799 രൂപ നിരക്കിൽ 24769 രൂപയ്ക്ക് 31 ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങിയിട്ടുണ്ട്. ഫസ്റ്റ് എയ്ഡ് ബോക്സ് ഏതൊക്കെ ഗവൺമെന്റ് സ്കൂളുകളിലാണ് സ്ഥാപിച്ചത് എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/21-2-22) മറുപടി നൽകിയിട്ടില്ല. ഏതൊക്കെ സ്കൂളുകളിലാണ് ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിച്ചത് എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അതുവരെ 24,769 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-29 വിദ്യാർത്ഥികൾക്ക് പഠനസഹായം - അർഹമായതിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 296/20 വിദ്യാർത്ഥികൾക്ക് പഠന സഹായം – എസ്. സി |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തിയ തുക | 1400000 |

| | |
|---|---|
| ചെലവുതുക | 320000+295000+250000+15000= 880000 |
| ബിൽ നംപർ | 41/16-11-19,42/16-11-19,51/19-12-19,96 /20-3-20 |

സ. ഉ. കൈ.നംപർ 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ.7.2.5 പ്രകാരം എസ്.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കുള്ള ധനസഹായം എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആകെ 44 വിദ്യാർത്ഥികൾക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു വിദ്യാർത്ഥിക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടിയ നിരക്കിൽ ധനസഹായം അനുവദിച്ചതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നംപർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച ധന സഹായം | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | വിശാൽ വിജയ് | Diploma Course In Civil Engineering, Gov. Polytechnic, Westhill | 20000 | 30000 | 10000 |

ഉത്തരവിൽ പറഞ്ഞതിലും കൂടിയ നിരക്കിൽ ധന സഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/21-2-22) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 10,000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-30 അഗതി രഹിത കേരളം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. 6-8-2018 ലെ നഗരസഭ കൗൺസിലിന്റെ 7(1) നംപർ തീരുമാന പ്രകാരം കുടുംബശ്രീ സി.ഡി.എസ് നടത്തിയ ആശ്രയ അഗതി രഹിത കേരളം മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ വഴി ആശ്രയ ഗുണഭോക്താക്കൾക്കുവേണ്ടി തയ്യാറാക്കിയ പ്രൊജക്ട് റിപ്പോർട്ട് കൗൺസിൽ അംഗീകരിച്ചതിന് ശേഷം കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുള്ളതാണ്. 2019 ൽ തുടങ്ങുന്ന പ്രോജക്ട് 2022 ൽ പൂർത്തീകരിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ടിനായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച തുക കുടുംബശ്രീ ചെയർപേഴ്സണിന്റെയും മെംപർ സെക്രട്ടറിയുടേയും പേരിൽ കേരളാ ബാങ്ക് ഫറോക്ക് ശാഖയിൽ ആരംഭിച്ച അക്കൗണ്ടിലാണ് (അക്കൗണ്ട് നംപർ 100061201720029) നിക്ഷേപിച്ച് ചെലവഴിക്കുന്നത്. പ്രോജക്ട് ആരംഭിച്ചതു മുതൽ 2021 മാർച്ച് 31 വരെ പദ്ധതി നടത്തിപ്പിനായി ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 65 കുടുംബങ്ങളാണ് ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. 14182200 രൂപയാണ് പദ്ധതിയുടെ ആകെ അടങ്കൽ. സി.ഡി.എസ് കാഷ് ബുക്ക് പ്രകാരം 31-3-2021 ന് അഗതി

രഹിത കേരളം പദ്ധതിക്കായി ആകെ 5,01,000 രൂപ നീക്കിയിരിപ്പുണ്ട്.

പദ്ധതി പ്രകാരം നാളിതുവരെ വിവിധ സേവനങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

| ഇനം | സേവനം ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| ഭക്ഷണം | 65 | 65 |
| വീടു വയ്ക്കാൻ സ്ഥലം | 6 | 1 |
| വീട് | 19 | 8 |
| വീട് റിപ്പയർ | 19 | 6 |
| കുടിവെള്ളം | 36 | 7 |

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവന പരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. പ്രൊജക്ടിന്റെ പ്രധാന ഘടകങ്ങളായ ഭവനം, കുടിവെള്ളം, സ്ഥലം, വീട്, വീട് റിപ്പയർ മുതലായവ ലഭ്യമാക്കുന്നതിന് മുനിസിപ്പാലിറ്റി കാര്യമായ നടപടികളൊന്നും കൈകൊണ്ടുകാണുന്നില്ല. 14.09.2018 ലെ സ.ഉ (എം.എസ്)/128/2018/തസ്വഭവ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ ഉത്തരവ് പ്രകാരമുള്ള മുൻഗണനാക്രമം പാലിക്കുന്നതിൽ മുനിസിപ്പാലിറ്റി വീഴ്ച വരുത്തിയിട്ടുണ്ട്.

സ.ഉ (എം.എസ്)22/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. അഗതി ആശ്രയ പദ്ധതിക്കായി സെക്രട്ടറി താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ മുഖേന 2019-20, 2021-22 വർഷങ്ങളിലായി തുക വകയിരുത്തി കുടുംബശ്രീക്ക് കൈമാറിയ 925000 രൂപയിൽ 501000 രൂപ വിനിയോഗിക്കാതെ ഇപ്പോഴും സി.ഡി.എസിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

| പ്രോജക്ടിന്റെ പേര്,നമ്പർ | നൽകിയ തുക | സി.ഡി.എസിന്റെ അക്കൗണ്ടിൽ വരവ് വച്ച തീയ്യതി | നീക്കിയിരിപ്പ് |
|---|---|---|---|
| 105/20 ആശ്രയ പദ്ധതി വിഹിതം നൽകൽ | 525000 | 23-10-2020 | 101000 |
| 50/22 ആശ്രയ പദ്ധതി | 400000 | 16-12-2021 | 400000 |

| | | | |
|---|---|---|---|
| വിഹിതം നൽകൽ | | | |
| ആകെ | | | 501000 |

അഗതിരഹിതകേരളം പദ്ധതി ഗുണഭോക്താക്കായി വികസന ഫണ്ടുൾപ്പെടെ സർക്കാരിൽ നിന്നും ലഭിച്ച വിവിധ ധനസഹായങ്ങൾ ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/21-2-22) മറുപടി നൽകിയിട്ടില്ല. നീക്കിയിരിപ്പുള്ള ഫണ്ടുപയോഗിച്ച് ഗുണഭോക്താക്കൾക്കാവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-31 ലൈബ്രറിയിലേക്ക് കംപ്യൂട്ടർ, സ്കാനർ, ബുക്ക് റാക്ക് വാങ്ങൽ - നാളിതുവരെയും കംപ്യൂട്ടർ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നംപർ/പേര് | 24/20നഗരസഭ ലൈബ്രറിയിൽ കമ്പ്യൂട്ടർ, സ്കാനർ, ബുക്ക് ഷെൽഫ്/റാക്ക് |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തിയ തുക | 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവുതുക | 31200+20800+32875=84875 |
| ബിൽ നംപർ | 3/26-2-20,2/26-2-20,91/25-3-20 |

നഗരസഭാ ലൈബ്രറിയിലേക്ക് ക്വട്ടേഷൻ മുഖേന കുറ്റിക്കാട്ടൂരുള്ള സൽമാൻ എന്ന സ്ഥാപനത്തിൽ നിന്നും 5 Double Face Shelf Rack വാങ്ങുന്നതിന് 52000 രൂപയും, കെൽട്രോണിൽ നിന്നും ഒരു കംപ്യൂട്ടർ വാങ്ങുന്നതിന് 32875 രൂപയും ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിന്റെ 2-3-2020 ലെ TVM/ITBG/PIRC/16538 /19-20 നംപർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 32875 രൂപ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സിസ്റ്റത്തിലൂടെ കംപ്യൂട്ടർ വാങ്ങുന്നതിന് 25-3-2020 ൽ തന്നെ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. കംപ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ ശ്രീ. ടി. വേണുഗോപാലൻ, നഗരസഭ ലൈബ്രേറിയൻ നാളിതുവരെയും ലൈബ്രറിയിൽ കംപ്യൂട്ടർ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചു. പണം നൽകി രണ്ടു വർഷത്തോളമായിട്ടും കെൽട്രോണിൽ നിന്നും കംപ്യൂട്ടർ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/21-2-22) മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമാക്കി ലൈബ്രറിക്ക് നൽകി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 32,875 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

1-32 എസ്.സി.ആശ്രയ വീട് റിപ്പയർ- പൂർത്തീകരണ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നംപർ/പേര് | 245/20 |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തിയ തുക | 946825 (എസ്.സി.പി.ഫണ്ട്) |
| ചെലവുതുക | 1,50,000+,1,50,000=3,00,000 |

| | |
|---|---|
| ബിൽ നംപർ | 8/10-7-2019 ,79/4-3-20. |

പ്രൊജക്ട് മുഖേന ഒരു ഗുണഭോക്താവിന് (ലക്ഷ്മി), എഞ്ചിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ വീട് റിപ്പയറിന് 150000 രൂപയും നായാടിച്ചി മങ്ങാട്ടുനിലം, ശാന്ത ചെറവരമ്പത്ത് എന്നീ ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം ആദ്യ ഗഡു അഡ്വാൻസും നൽകിയിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റിയ 2 ഗുണഭോക്താക്കളുടേയും അപേക്ഷ, ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ്, വീടിന്റെ കാലപ്പഴക്ക നിർണ്ണയ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ വീട് റിപ്പയർ പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയതിന്റെ വിശദാംശവും ലഭ്യമല്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21-2-22) മറുപടി നൽകിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 1,50,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-33 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.

പ്രോജക്ട് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ - എസ് 0110/20

നിർവഹണോദ്യോഗസ്ഥ - ഐ. സി. ഡി. എസ്. സൂപ്പർവൈസർ

അടങ്കൽ - 18,00,000/- രൂപ – വികസന ഫണ്ട് - പൊതു വിഭാഗം

ചെലവ് - 15,89,400/- രൂപ

ബിൽ നമ്പർ 3/2019-20 തീയതി 4.1.2020 – 4,86,000

ബിൽ നമ്പർ 4/2019-20 തീയതി 4.1.2020 – 4,86,000

ബിൽ നമ്പർ 5/2019-20 തീയതി 4.1.2020 – 3,47,600

ബിൽ നമ്പർ 6/2019-20 തീയതി 4.1.2020 – 2,69,800

നഗരസഭയിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 (ബി) പ്രകാരം ( സ.ഉ. നം. ( എം. എസ്) 22/2018/ത.സ്വ.ഭവ തീയതി 14.02.2018 ) 28,500/- രൂപ വരെ പ്രതിവർഷം സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയുണ്ടെങ്കിലും എല്ലാ വിദ്യാർത്ഥികൾക്കും 18,000/- രൂപ വീതമാണ് ലഭിച്ചിട്ടുള്ളത്.

സർക്കുലർ നമ്പർ ഡി. എ. 1/19/2019/ത.സ്വ.ഭവ തീയതി 25.1.2019 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കണമെന്നും ഇതിനായി മതിയായ തുക നീക്കി വെക്കേണ്ടതാണെന്നും ഇക്കാര്യം ICDS / CDPO എന്നിവർ ഉറപ്പു വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന് സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ തുക വകയിരുത്തി അനുവദിക്കുന്നതിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 21/2019-20 തീയതി 21.2.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ വിഭാഗത്തിന് സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 അംഗനവാടികൾക്ക് ഭൗതിക സൗകര്യം ഇല്ല

ഐ. സി. ഡി. എസ്. സൂപ്പർവൈസർ ഓഡിറ്റിന് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം ഫറോക്ക് നഗരസഭാ പരിധിയിൽ ആകെ 52 അംഗനവാടികൾ ഉണ്ട്. ഇവയിൽ ഭൗതിക സൗകര്യങ്ങളുടെ കുറവ് ഉള്ള അംഗനവാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടികളുടെ എണ്ണം | കുടിവെള്ള സൗകര്യം ലഭ്യമല്ലാത്ത അംഗനവാടികളുടെ എണ്ണം | വൈദ്യുതി ഇല്ലാത്ത അംഗനവാടികളുടെ എണ്ണം |
|---|---|---|
| 10 (സെന്റർ നമ്പർ – 92, 90, 95, 100, 104, 88, 94, 103, 105, 107 എന്നിവ ) | 29<br>(സെന്റർ നമ്പർ – 58, 59, 65, 67, 72, 73, 74, 75, 76, 84, 85, 86, 87, 89, 96, 99, 101, 106, 60, 61, 64, 69, 77, 81, 83, 92, 93, 102, 108 എന്നിവ) | 3 (സെന്റർ നമ്പർ – 61, 75, 108 എന്നിവ) |

മതിയായ തുക വകയിരുത്തി, മേൽ അംഗനവാടികളിലെ ഭൗതിക സൗകര്യങ്ങളിലെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-35 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

ഫയൽ നമ്പർ –

1. എ3/9370/17

2. എ3/6649/13

30.05.2009 - ലെ (സാധാ) നം. 1275/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം (ഖണ്ഡിക. നം. 3-2, 3-3) തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ തുടർ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ചുമതലയിൽ നടത്തേണ്ടതുമാണ്. ( വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ ). എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ നിലവിലും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ അടവാക്കുന്നത് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ്.

നഗരസഭാ കൗൺസിലിന്റെ 17.4.2019 – ലെ 6 -ാം നമ്പർ തീരുമാന പ്രകാരം നിലവിൽ പ്രവർത്തിച്ചു വരുന്ന എല്ലാ കുടിവെള്ള പദ്ധതികളുടേയും വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം എന്നിവ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നത് 2019 മാർച്ച് മാസം വരെ മാത്രമായി പരിമിതപ്പെടുത്തുവാനും തുടർന്ന് കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ആയതിനു വിരുദ്ധമായി കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ നിലവിലും നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്.

നിലവിൽ നഗരസഭ ഫണ്ടിൽ നിന്നും 23 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ നൽകുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതി ചാർജ്ജിനത്തിൽ 4,85,154 രൂപയും പമ്പ് ഓപ്പറേറ്റർമാരുടെ വേതനം ഇനത്തിൽ 1,48,978 രൂപയും നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

30.05.2009 - ലെ (സാധാ) നം. 1275/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ നിർദ്ദേശം, നഗരസഭാ കൗൺസിലിന്റെ 17.4.2019 – ലെ 6 -ാം നമ്പർ തീരുമാനം എന്നിവ പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കാതിരുന്നതിനും 1.4.2019 മുതൽ നാളിതു വരെ തുടർന്നും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകിയതിനും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 18/2019-20 തീയതി 21.2.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 22.2.2022 - ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ നഗരസഭാ പ്രദേശത്ത് ജപ്പാൻ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നടന്നു വരികയാണെന്നും ആയതിന്റെ പൂർത്തീകരണത്തോടെ ഇത്തരത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കുടിവെള്ള പദ്ധതികൾ നടത്തുന്നത് അവസാനിപ്പിക്കാൻ കഴിയുമെന്നും ആയതു വരെ നിലവിലുള്ള രീതി അനിവാര്യമായതിനാൽ തുടരേണ്ടതുണ്ടെന്നും മറുപടി നൽകി.

ഇക്കാര്യത്തിലുള്ള നഗരസഭയുടെ മറുപടി രേഖാമൂലം ലഭ്യമാക്കേണ്ടതും ജപ്പാൻ കുടിവെള്ളപദ്ധതിയിൽ നിന്നും കണക്ഷൻ ലഭ്യമാക്കി ഈയിനത്തിലുള്ള ചെലവ് ഒഴിവാക്കി അറിയിക്കേണ്ടതുമാണ്.

1-36 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

2019-20 വർഷം അനുവദിച്ച താഴെപ്പറയും പ്രകാരമുള്ള 3,000/- രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | വർഷം | വൗച്ചർ നമ്പർ, തീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2019-20 | 21900452 – 3.9.2019 | ശ്രീമതി.കമറു ലൈല കെ, ചെയർ പേഴ്സൺ | 1,500 | യാത്രാ ബത്ത മുൻകൂർ |
| 2 | 2019-20 | 21900847 – 28.1.2020 | ശ്രീമതി.കമറു ലൈല കെ, ചെയർ പേഴ്സൺ | 1,500 | യാത്രാ ബത്ത മുൻകൂർ |
| ആകെ | | | | 3,000 | |

2019-20 വർഷം അനുവദിച്ച മേൽ മുൻകൂറുകൾ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 20/2019-20 തീയതി 21.2.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 3,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നൽകിയ മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

1-37 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | തുക | ലഭിച്ച വർഷം | സൂക്ഷിച്ച അക്കൗണ്ട് |
|---|---|---|---|---|
| 1 | ബഡ്സ് സ്കൂൾ ഗ്രാന്റ് | 10,76,426 | 2013 | SCB Buds 430350010110 |
| 2 | സ്വച്ഛ്ഭാരത് മിഷൻ ഗ്രാന്റ് | 1,69,16,209 | 2019 | ICICI Swach Bharath 814 |

മേൽ പരാമർശിച്ചതിൽ ബഡ്സ് സ്കൂൾ ഗ്രാന്റ് 2013 വർഷം നഗരസഭയിൽ നിലവിലുള്ള ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങുന്നതിനും സ്കൂളിൽ ഫിസിയോ തെറാപ്പി സൗകര്യം ഏർപ്പെടുത്തുന്നതിനുമായി ലഭിച്ചതാണ്. ആയത് നാളിതു വരെ ചെലവഴിച്ചിട്ടില്ല.

സ്വച്ഛ്ഭാരത് മിഷൻ ഗ്രാന്റ് 24.9.2019 - ലെ സംസ്ഥാന ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 2641/ഡി.1/2018/എസ്.എം. നമ്പർ ഉത്തരവ് പ്രകാരം ലഭിച്ചതാണ്. ഈ ഉത്തരവ് പ്രകാരം ഗ്രാന്റ് ലഭിച്ച അതേ സാമ്പത്തിക വർഷത്തിൽ തന്നെ ലഭിച്ച ഗ്രാന്റിന്റെ വിനിയോഗം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ / ലഭിച്ച തുക വിനിയോഗിക്കാതെ ഗ്രാന്റ് തുക ഓഡിറ്റ് തീയതിയിലും ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

മേൽ പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ അവയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ /തിരിച്ചടക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ

19/2019-20 തീയതി 21.2.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 22.2.2022 - ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ വിനിയോഗിക്കാതെ സൂക്ഷിച്ച ഗ്രാന്റുകൾ അവയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കുന്നതാണെന്ന് മറുപടി നൽകി.

ഇക്കാര്യത്തിലുള്ള നഗരസഭയുടെ മറുപടി രേഖാമൂലം ലഭ്യമാക്കേണ്ടതും മേൽഗ്രാന്റുകൾ എത്രയും പെട്ടെന്ന് വിനിയോഗിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്ത് അറിയിക്കേണ്ടതുമാണ്.

## 1-38 നഗരസഭയിലെ താൽക്കാലിക നിയമനം - അപാകതകൾ

ഫയൽ നമ്പർ - എ3/5434/17

2019-20 വർഷം ഫറോക്ക് നഗരസഭയിൽ താഴെപ്പറയുന്ന തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | നിയമിക്കപ്പെട്ട തസ്തിക | എന്നു മുതൽ നിയമിച്ചു | നിയമനം നൽകിയ കൗൺസിൽ തീരുമാനം | നൽകി വരുന്ന പ്രതിദിന വേതന നിരക്ക് | തസ്തിക അംഗീകരിക്കപ്പെട്ടതാണോ |
|---|---|---|---|---|---|---|
| 1 | ശ്രീ.ഇ.അശോകൻ | ഡ്രൈവർ | 6.7.2020 | 19.8.2020 ലെ 20 -ാം നമ്പർ | 730 രൂപ | അതെ |
| 2 | ശ്രീമതി.റുഖിയാബി കെ. പി | അറ്റൻഡർ, ഹോമിയോ ഡിസ്പെൻസറി | 1.10.2018 | 7.9.2020 ലെ 4 -ാം നമ്പർ | 400 രൂപ | അല്ല |
| 3 | ശ്രീമതി. സുബൈദ കെ. എം. | സ്വീപ്പർ, ഹോമിയോ ഡിസ്പെൻസറി | 4.7.2009 | 7.9.2020 ലെ 4 -ാം നമ്പർ | 400 രൂപ | അല്ല |
| 4 | ശ്രീ.വേണുഗോപാൽ | പാർട്ട് ടൈം ലൈബ്രേറിയൻ | 22.3.2010 | 28.6.2010 ലെ 4 -ാം നമ്പർ | 600 രൂപ | അല്ല |
| 5 | ശ്രീമതി. സ്മിത എം. | പാർട്ട് ടൈം ടീച്ചർ, ശിശുമന്ദിരം | 4.2.2013 | 7.9.2020 ലെ 4 -ാം നമ്പർ | 450 രൂപ | അല്ല |
| 6 | ശ്രീമതി. ജിജിന വി | ഡാറ്റാ എൻട്രി | 13.9.2018 | 12.9.2018 | 755 രൂപ | അല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | ഓപ്പറേറ്റർ | | ലെ 9 -ാം നമ്പർ | | |
| 7 | ശ്രീമതി. റഷീദ ഇ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 13.9.2018 | 12.9.2018 ലെ 9 -ാം നമ്പർ | 755 രൂപ | അല്ല |
| 8 | ശ്രീ. മുഹമ്മദ് റാഫി ബി. കെ | ടെക്നിക്കൽ അസിസ്റ്റന്റ്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 24.8.2020 | 19.8.2020 ലെ 16 -ാം നമ്പർ | 765 രൂപ | അല്ല |

താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവ പാലിക്കാതെയും ബന്ധപ്പട്ട അധികാരസ്ഥാനങ്ങളിൽ നിന്നും അനുമതി വാങ്ങാതെയും നഗരസഭയിൽ അനധികൃതമായി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന കാര്യം നഗരസഭയുടെ 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7, 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 എന്നിവയിൽ പരാമർശിച്ചിരുന്നതാണ്. ആയതിനു ശേഷം 2019-20 വർഷത്തിലും ഇത്തരത്തിലുള്ള നിയമനം നടത്തിയതിന് / നിയമിക്കപ്പെട്ടവർ തുടർന്നതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക കണക്ക് പ്രകാരം 2019-20 - ൽ താൽക്കാലിക ജീവനക്കാരുടെ വേതനം ഇനത്തിൽ 10,90,993/- രൂപയാണ് നഗരസഭക്ക് ചെലവ് വന്നത്.

നഗരസഭയ്ക്ക് തനതു വരുമാനത്തിൽ മതിയായ മിച്ചമുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ ജീവനക്കാരെ ആവശ്യമുള്ള പക്ഷം കൗൺസിൽ തീരുമാനമെടുത്ത് നഗരകാര്യ ഡയരക്ടർ / സർക്കാർ എന്നിവയിൽ നിന്നും അനുമതി വാങ്ങി ആവശ്യമുള്ള സ്ഥിരം ജീവനക്കാരെ നിയമിക്കാവുന്നതാണ്. ഇത്തരം നടപടികളുടെ അടിസ്ഥാനത്തിലല്ലാതെ നടത്തുന്ന ചെലവുകൾ അനധികൃതമായതിനാൽ ആയതിന്റെ ഉത്തരവാദിത്തം സെക്രട്ടറിക്കും കൗൺസിലിനുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 10/2019-20 തീയതി 18.2.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 22.2.2022 - ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ നഗരസഭയിലേക്ക് കൂടുതൽ തസ്തികകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് താൽക്കാലിക നിയമനങ്ങൾ അവസാനിപ്പിക്കുന്നതാണെന്നും അതു വരെ നിലവിൽ നടത്തിയ നിയമനങ്ങൾ അനിവാര്യമായതിനാൽ തുടരേണ്ടതുണ്ടെന്നും മറുപടി നൽകി. ഇക്കാര്യത്തിലുള്ള നഗരസഭയുടെ മറുപടി രേഖാമൂലം ലഭ്യമാക്കേണ്ടതും സ്ഥിരം ജീവനക്കാരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-39 ജാഗ്രതാ സമിതി - ശിൽപ്പശാലയ്ക്കായി പണം ചെലവഴിച്ചു - ശിൽപ്പശാല നടത്തിയില്ല.

പ്രോജക്ട് - ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ

പ്രോജക്ട് നമ്പർ - എസ് 0225/20

നിർവഹണോദ്യോഗസ്ഥ - ഐ. സി. ഡി. എസ്. സൂപ്പർവൈസർ

അടങ്കൽ - 22,261/- രൂപ - വികസന ഫണ്ട് - പൊതു വിഭാഗം

ചെലവ് - 17,711/- രൂപ

1 ) ബിൽ നമ്പർ 1/2019-20 തീയതി 8.7.2019 – 9,781

2) ബിൽ നമ്പർ 7/2019-20 തീയതി 4.3.2020 – 7,930

ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ സ്ത്രീ സുരക്ഷയ്ക്കായി അംഗനവാടികളിൽ പരാതിപ്പെട്ടി സ്ഥാപിക്കുക, സ്ത്രീകൾക്കെതിരായ അതിക്രമത്തിനെതിരെ ശിൽപ്പശാല നടത്തുക എന്നിവയ്ക്കായി തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ഇതു പ്രകാരം അംഗനവാടികളിൽ പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട് ( ബിൽ നമ്പർ 1/2019-20 തീയതി 8.7.2019 പ്രകാരം നടത്തിയ 9,781 രൂപയുടെ ചെലവ് ). കൂടാതെ ശിൽപ്പശാല നടത്തുന്നതിനായി താഴെപ്പറയും പ്രകാരം സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ( ബിൽ നമ്പർ 7/2019-20 തീയതി 4.3.2020 പ്രകാരം നടത്തിയ 7,930 രൂപയുടെ ചെലവ് ) – 200 നോട്ട് പാഡ്, 200 ബോൾ പെൻ, 20 എണ്ണം രജിസ്റ്ററുകൾ എന്നിവ ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും വാങ്ങി ( ആകെ ചെലവ് തുക - 7,930 രൂപ ).

എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരമുള്ള ശിൽപ്പശാല നാളിതു വരെ നടത്തിയിട്ടില്ല. ശിൽപ്പശാല നടത്തുന്നതിനായി വാങ്ങിയ സ്റ്റേഷനറി സാധനങ്ങൾ ഓഡിറ്റ് തീയതി വരെ ഉപയോഗിച്ചിട്ടില്ല. ഇവ നഗരസഭാ ഓഫീസിനു സമീപത്തെ അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്നു.
പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരമുള്ള ശിൽപ്പശാല നടത്താതിരുന്നതിനും ശിൽപ്പശാലയ്ക്കായി വാങ്ങിയ സ്റ്റേഷനറി സാധനങ്ങൾ നാളിതു വരെ ഉപയോഗപ്പെടുത്താതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 23/2019-20 തീയതി 21.2.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരമുള്ള ശിൽപ്പശാല നടത്തി വിവരം അറിയിക്കേണ്ടതാണ്. ശിൽപ്പശാല നടത്തുന്നതിനായി വാങ്ങിയ സ്റ്റേഷനറി സാധനങ്ങൾ ഓഡിറ്റ് തീയതി വരെ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള 7,930 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 എസ്സ്.എസ്സ്.എ വിഹിതം കൈമാറൽ - അപാകതകൾ

പ്രൊജക്ട് നം. 136/19-20 (എസ്. സി)

137/19-20 ( ജനറൽ )

അടങ്കൽ -2,100,000

ചെലവ് -ബിൽ നം./തുക – 1/19-20/26-8-19 – 10,00,000 (എസ്സ്. സി)

– 2/19-20/26-8-19 – 11,00,000 (ജനറൽ)

ഫണ്ട് – വികസന ഫണ്ട്

ഫറോക്ക് മുനിസിപ്പാലിറ്റിയിൽ എസ്. എസ്. എ വിഹിതമായി മേൽ സൂചിപ്പിച്ച പ്രകാരമുള്ള തുകകൾ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ. ഉ (കൈ) നം. 17/2018/ത.സ്വ.ഭ.വ, തിയതി 2.2.2018 ലെ ഖണ്ഡിക 7.6 (3) പ്രകാരം പ്രസ്തുത പ്രൊജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഫയൽ പ്രകാരം അത്തരമൊരു പങ്ക് വഹിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭീമമായ തുക നഗരസഭാപരിധിയിലുള്ള സ്കൂളുകളുടെ വികസനത്തിന് വേണ്ടി നൽകുമ്പോൾ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം തങ്ങളുടെ പങ്കാളിത്തം നഗരസഭ ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-41 വിവരാകാശ രജിസ്റ്റർ പൂർണ്ണമല്ല.

ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2019-20 വർഷത്തെ വിവരാകാശ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
2019-20 വർഷം 100 അപേക്ഷകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ പല അപേക്ഷകളും യഥാസമയം തീർപ്പാക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. ചില ഉദാഹരണങ്ങൾ

ചുവടെ ചേർക്കുന്നു.

| ഫയൽനം/തിയ്യതി | അപേക്ഷന്റെ പേര് | വിഷയം |
|---|---|---|
| 1. FG5/14110 /19/14.10.19 | മുഹമ്മദ് മുസ്തഫ | PMAY ഗുണഭോക്താക്കളുടെലിസ്റ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 2. FG5/14842 /19/28.10.19 | ബൈജു ടി. പി | പ്രളയനാശം ധനസഹായം |
| 3. FG5/15379 /19.5.11.19 | അബ്ദുൾ റസാഖ് | 66/6,67/6 ബിൽഡിംഗ് ലൈസൻസ് വിവരങ്ങൾ സംബന്ധിച്ച് |

വിവരാകാശനിയമം വകുപ്പ് 4 പ്രകാരം പൊതു അധികാര സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കേണ്ടതായ വിവരങ്ങൾ പ്രസിദ്ധീകരിക്കണം. കിട്ടുന്ന അപേക്ഷകൾ പരമാവധി മുപ്പത് ദിവസത്തിനകം തീർപ്പാക്കി മറുപടി നൽകണം. അപേക്ഷ നിരസിച്ചതാണെങ്കിൽ കാരണവും അപ്പീൽ അധികാരിയുടെ വിവരങ്ങളും അപ്പീൽ സമയപരിധിയും രേഖപ്പെടുത്തണം. പല അപേക്ഷകളിലും പ്രസ്തുത വിവരങ്ങളുടെ വിശദാംശങ്ങൾ ഇല്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 എൽ .പി, യു.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

അടങ്കൽ - 8,00,000 (തനത് ഫണ്ട്)

ചെലവ് - 7,96,911

ചെക്ക്നം - 0690741/28.10.19, 1081764/16.1.20, 5130402/30.3.20

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, ജി. ജി. എച്ച്. എസ്സ്. എസ്സ്, ഫറൂക്ക്.

ഫറോക്ക് മുനിസിപ്പാലിറ്റിയിൽ പ്രിൻസിപ്പൽ നിർവഹണ ഉദ്യോഗസ്ഥനായി എൽ. പി, യു. പി സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകിയ വകയിൽ 7,96,911 രൂപ ചിലവ് വന്നിട്ടുണ്ട്. G.V.H.S.S ഫറോക്ക്, G.L.P.S വെസ്റ്റ് നല്ലൂർ, G.L.P.S നല്ലൂർ, G.W.L.P.S ഫറോക്ക്, G.M.U.P.S ഫറോക്ക്, G.G.U.P.S ഫറോക്ക്, G.M.L.P.S കരുവന്തുരുത്തി എന്നീ സ്കൂളിലെ കുട്ടികൾക്കാണ് പ്രഭാതഭക്ഷണം നൽകിയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ വൗച്ചർ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

അരി, പലവ്യഞ്ജനം തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾ പൊതുവിതരണ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാതെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുകയാണ് ചെയ്തത്. ഇതുവഴി ഇവയുടെ വില വ്യത്യാസമോ, ഗുണമേൻമയോ കണക്കിലെടുത്തിട്ടില്ല. വാങ്ങിയ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോക്ക്, വിനിയോഗം, നീക്കിയിരിപ്പ് എന്നിവ സൂക്ഷിക്കുകയോ സ്കൂളധികൃതർ പരിശോധിക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചടവാക്കി.

| പ്രൊജക്റ്റിന്റെ | ഓഫീസ് | ഓഫീസ് | ഓഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ, പേര് | നവീകരണം 323/19 | നവീകരണം 275/20 | നവീകരണം 413/21 |
| വകയിരുത്തിയ തുക | 800000/- (വി.ഫ.) 550,000/- (തനത് ഫണ്ട്) | 800000/- (വി.ഫ.) 216211/- (തനത് ഫണ്ട്) | 938870/- (തനത് ഫണ്ട്) |
| ചെലവഴിച്ച തുക, വൌച്ചർനമ്പർ, തിയ്യതി | 3,33789/- (തനത് ഫണ്ട്) (21900116/9.5.2019) | 138871/- (തനത് ഫണ്ട്) (21900850/29.01.20) | 938870/- (തനത് ഫണ്ട്) (22000745/14.01.21) |
| എം. ബുക്ക് | 25/17-18,65/18-19 | | |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ | | |
| കോൺട്രാക്ടർ | പി.മുസ്തഫ | | |
| എഗ്രിമെന്റ് നമ്പർ | AE/FM/120/18-19dt.27.12.18 | | |

ഓഫീസ് ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്ത മേൽ പ്രവൃത്തി 22.05.2019 ന് പൂർത്തിയാക്കിയെങ്കിലും 2021 ലാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ ആകെ മൂല്യം 1272660/- രൂപയാണെങ്കിലും 1411530/- രൂപ ചെലവഴിച്ചതായി കാണുന്നു. കരാറുകാരന് ആകെ നല്കേണ്ട തുകയായ 1215010 രൂപക്ക് പകരം 1353881/- രൂപ നൽകി.

2019-20 ൽ നൽകിയ 138871/- രൂപയുടെ ചെലവു വിവരങ്ങൾ ഫയലിലോ എം. ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. തുക പൂർണ്ണമായും കരാറുകാരന്റെ എക്കൌണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്. ഫൈനൽബിൽ നൽകിയപ്പോൾ പ്രസ്തുത തുകയുടെ ചെലവു പരിഗണിക്കാതെ തുക നൽകിയതിനാൽ കരാറുകാരന് 138871/- രൂപ അധികം നൽകി.

ഫയലിനോടൊപ്പം സൂക്ഷിക്കേണ്ട രേഖകളായ പ്രോജക്ടിന്റെ കോപ്പികൾ, ബില്ലുകൾ എന്നിവ സൂക്ഷിക്കുകയോ നോട്ട് ഫയലുകൾ എഴുതി തയ്യാറാക്കുകയോ ബിൽ തുക അനുവദിക്കുമ്പോൾ ആയതിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

കരാറുകാരന് അധിക തുക നൽകിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ ( 03/19-20 തിയ്യതി 17.02.2022) തുടർന്ന് അധികം നൽകിയ തുക 12% പലിശ സഹിതം തിരിച്ചടക്കാൻ അസി. എഞ്ചിനീയർ കത്ത് നൽകുയുണ്ടായി. അതിനെ തുടർന്ന് കരാറുകാരൻ അധികമായി കൈപ്പറ്റിയ തുകയും 12% പലിശയും ഉൾപ്പെടെ 1,55,535/- രൂപ അടവാക്കിയതിന്റെ രസീതി അസി. എൻജിനീയർ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കി. (രശീതി നമ്പർ 01/121210500297/22.02.22) അന്വേഷണക്കുറിപ്പിന്റെ ഗൗരവം ഉൾക്കൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ചത് ശ്രദ്ധേയമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ക്രമവത്ക്കരണ പ്ലാൻ - നടപടി ക്രമം പാലിച്ചില്ല.

ഫയൽ നമ്പർ - എഫ്. ഇ *181/*370/19-20 തീയതി *04/01/2020*

വേങ്ങാട്ട് ജാഫർ ,

ജാസ്മിൻ ഹൗസ്, പേട്ട , ഫറോക്ക്, പിൻ 673 631

ശ്രീ. വേങ്ങാട്ട് ജാഫർ എന്ന വ്യക്തി നിലവിലുള്ള റെസിഡൻഷ്യൽ കം വാണിജ്യ കെട്ടിടത്തിൽ നടത്തിയ കൂട്ടിചേർക്കൽ ക്രമവത്ക്കരിക്കുന്നതിനാണ് റെഗുലറൈസേഷൻ പ്ലാൻ നൽകിയിട്ടുള്ളത്. പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫ്ലോർ | തറ വിസ്തീർണ്ണം |
|---|---|
| തറനില (Ext) റെസിഡൻഷ്യൽ | 176.78 ച.മീ |
| ഒന്നാം നില (Ext) റെസിഡൻഷ്യൽ | 153.44 ച.മീ |
| കൂട്ടിചേർത്ത പോർച്ച് | 31.03 ച.മീ |
| ആകെ റെസിഡൻഷ്യൽ തറ വിസ്തീർണ്ണം | 361.25 ച.മീ |
| തറനില (Ext) കൊമേർഷ്യൽ | 64.44 ച.മീ |
| ഒന്നാം നില (Ext) കൊമേർഷ്യൽ | 100.72ച.മീ |
| രണ്ടാം നില (Ext) കൊമേർഷ്യൽ | 12.84ച.മീ |
| കൂട്ടിചേർത്ത രണ്ടാം നില | 180.61 ച.മീ |
| ആകെ കൊമേർഷ്യൽ തറവിസ്തീർണ്ണം | 358.61 |
| | 719.86 ച.മീറ്റർ |

372/6 B റിസർവ്വേ നമ്പറിലുള്ള 0.0417 ഹെക്ടർ സ്ഥലത്ത് ആകെ 719.86 ച. മീറ്റർ തറവിസ്തീർണ്ണമുള്ള മേൽ പ്രതിപാദിച്ച കെട്ടിടത്തിൽ വാണിജ്യകെട്ടിടത്തിനായി 180.61 ച. മീറ്ററും, വാസഗൃഹത്തിനായി 31.03 ച. മീറ്ററും കൂട്ടിചേർത്തിട്ടുള്ളതിനാൽ ആയത് ക്രമവത്ക്കരിച്ച് നൽകുന്നതിനാണ് അപേക്ഷകൻ03/01/2020 ലെ എഫ്. ഇ *181/*370/19-20 പ്രകാരം ക്രമവത്ക്കരണ പ്ലാൻ സമർപ്പിട്ടിട്ടുള്ളത്. പ്രസ്തുത അപേക്ഷ പരിഗണിക്കവേ എൽ.എസ്. ജി.ഡി ഓവർസീയർ (ശ്രീമതി. വിജയ) സ്ഥല പരിശോധന നടത്തിയപ്പോൾ സമർപ്പിച്ച പ്ലാനിലെ അളവുകളും, നിർമ്മാണം നടത്തിയ പ്ലാനിലെ അളവുകളും തമ്മിൽ വ്യത്യാസം കാണുന്നുവെന്ന് നോട്ടിൽ രേഖപ്പെടുത്തിയതിനാൽ അസി. എഞ്ചിനീയർ നോട്ടീസ് നൽകുന്നതിന് ഉത്തരവ് നൽകുകയും ആയത് അനുസരിച്ച് അപാകതകൾ ചൂണ്ടികാണിച്ച് സെക്രട്ടറിയുടെ 24/08/20 ലെ എഫ്. ഇ *181/*370/19-20ന് പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മറുപടിയോ ന്യൂനത പരിഹരിച്ച് കൊണ്ടുള്ള അപേക്ഷയോ ലഭ്യമായിട്ടില്ല എന്നും, ആയതിനാൽ ടി നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം ആയത് ലഭ്യമാക്കണമെന്നും, അല്ലാത്തപക്ഷം ഇനിയൊരറിയിപ്പ് കൂടാതെ ഫയൽ നടപടി അവസാനിപ്പിക്കുന്നതാണ് എന്നറിയിച്ച് മുനിസിപ്പൽ എഞ്ചിനീയർ 27/5/21ലെ എഫ്. ഇ *181/*370/19-20 പ്രകാരം കത്തും നൽകിയിട്ടുണ്ട്. തുടർന്ന് കക്ഷിക്ക് രണ്ട് തവണ നോട്ടീസ് അയച്ചിട്ടും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതാണ് എന്ന് സെക്ഷൻ നോട്ട് രേഖപ്പെടുത്തുകയും, മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഫയൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 391 പ്രകാരവും മുപ്പത് ദിവസത്തിനകം അനുവാദം നൽകുകയോ, വിസമ്മതിക്കുകയോ ചെയ്യേണ്ടതും സെക്രട്ടറി രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ക്രമവത്ക്കരണ പ്ലാൻ സമർപ്പിച്ച് 7 മാസങ്ങൾക്ക് ശേഷമാണ് അപേക്ഷന് നോട്ടീസ് നൽകിയിട്ടുള്ളത്. കാലതാമസത്തിന് കാരണം വ്യക്തമല്ല.

2. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 406 ലെ ഉപചട്ടം(1), (4),(5) പ്രകാരവും നടപടികൾ സ്വീകരിച്ചിട്ടില്ല. നടപടികൾ അവസാനിപ്പിക്കുന്നതാണ് എന്ന് സെക്ഷൻ

നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും, മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാതെ നഗരസഭയ്ക്ക് ധനനഷ്ടം വരുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 242 ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതിന്റെ രണ്ടിരിട്ടിയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് അനധികൃതനിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കാതെ ഫയൽ നടപടികൾ അവസാനിപ്പിച്ചത് ശരിയായ നടപടിയല്ല.

അധികൃതമായ കെട്ടിടം ആയതിനാൽ കൂട്ടിചേർത്ത ഭാഗം അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നഗരസഭയുടെ വസ്തുനികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം ബി1 -7463/18/18/12/2018 പ്രകാരം നികുതി ഈടാക്കിയാൽ ലഭിക്കാമായിരുന്ന തുക ചുവടെ കൊടുക്കുന്നു.

2019-20 രണ്ടാം അർദ്ധവർഷം

വാസഗൃഹത്തിനായി കൂട്ടിചേർത്ത ഭാഗത്തിന് =31.03 ച.മീ

= 31.03 ച.മീ X8 +20% + 5% = 298+15X3 = 894+45 ( വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് – നാഷണൽ ഹൈവേ )

2019-20 രണ്ടാം അർദ്ധവർഷം = 447 + 23

2020 - 21 സാമ്പത്തിക വർഷം = 894+45 രൂപ

ആകെ ഈ ഇനത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ പാർപ്പിടാവശ്യത്തിന് കൂട്ടിചേർത്ത ഭാഗത്തിന് 1341/- രൂപ വസ്തുനികുതിയും 68/-രൂപ ഗ്രന്ഥശാലവരിയും നഷ്ടമുണ്ടായിട്ടുണ്ട്.

വാണിജ്യാവശ്യത്തിനായി കൂട്ടിചേർത്ത ഭാഗം = 180.61 ച.മീ (ACCESS N H)

180.61 ച.മീ X110 -10%+20% +5% = 21457+1073 (ബഹുനിലകെട്ടിടങ്ങളുടെ ഇളവ് രണ്ടാം നില ആയതിനാൽ 10% ഇളവും,വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ വർദ്ധനവ് – 20% )

അനധികൃത നിർമ്മാണം ആയതിനാൽ 2019-20 2nd അർദ്ധവർഷം =
( 10729 +537 )X3 =32187+1611

2020 - 21 സാമ്പത്തിക വർഷം = (21457+1073)x3 = 64,371 + 3219

ആകെ വാണിജ്യാവശ്യത്തിന് കൂട്ടിചേർത്ത കെട്ടിട ഭാഗത്തിന് 2019-20,2020-21 സാമ്പത്തിക വർഷത്തിൽ = 96,558/- രൂപ വസ്തുനികുതിയും 4830/-രൂപ ഗ്രന്ഥശാലവരിയും നഷ്ടമുണ്ടായിട്ടുണ്ട്.

ലഭ്യമാക്കിയ ക്രമവത്ക്കരണ പ്ലാൻ പ്രകാരം 97899/- രൂപ വസ്തുനികുതിയും 4898/- രൂപ ഗ്രന്ഥശാലവരിയും നഷ്ടമുണ്ടായിട്ടുണ്ട്.

4. ഫയൽ നോട്ട് പ്രകാരം പാർപ്പിടാവശ്യത്തിന് 8/233 കെട്ടിട നമ്പർ നൽകി 129 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 229/- രൂപയാണ് നികുതി ഈടാക്കി വരുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പ്രതിപാദിത കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും പാർപ്പിടാവശ്യത്തിന് 8/233 കെട്ടിട നമ്പർ നൽകി 129 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 227/- രൂപയാണ് നികുതി ഈടാക്കി വരുന്നത്. എന്നാൽ പ്രവേശനം നാഷണൽ ഹൈവേയിൽ നിന്ന് ആയിട്ടു പോലും റോഡിന്റെ തരം 1.5 മീറ്റർ കൂടുതൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഈ അടിസ്ഥാനത്തിൽ നികുതിയിൽ ലഭ്യമാകേണ്ടിയിരുന്ന 20 ശതമാനം വർദ്ധനവ് നഷ്ടമാവുന്നു. കൂടാതെ വാണിജ്യാവശ്യത്തിന് 8/230, 231, 232, 234 എന്നീ കെട്ടിട നമ്പർ നൽകി ആകെ 56.8 ച.മീറ്റർ വാണിജ്യാവശ്യത്തിനാണ് നികുതി നിർണ്ണയിച്ച് ഈടാക്കി

വരുന്നത്. ക്രമവത്കരണ പ്ലാൻ പ്രകാരം സ്ഥല പരിശോധന നടത്തി കൃത്യമായ അളവെടുത്ത് നികുതി ഈടാക്കുന്നതിനും, ക്രമവത്കരണം നടത്താനുള്ള നടപടി സ്വീകരിച്ച് നികുതി നഷ്ടം ഒഴിവാക്കുന്നതിന് പകരം ഫയൽ നടപടികൾ അവസാനിപ്പിച്ചത് അംഗീകരിക്കാവുന്നതല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/19-20 തിയ്യതി 19.02.2022) നൽകിയ മറുപടി ഇപ്രകാരമാണ്. പരിശോധനാ സമയം ഇരുനില കെട്ടിടത്തിന് മുകളിൽ ഷീറ്റ് ഇട്ട മേൽക്കൂര നിർമ്മാണം മാത്രമാണ് ഉണ്ടായിരുന്നതെന്നും, ഈ നില ഉപയോഗിക്കുന്നുണ്ടായിരുന്നില്ലയെന്നും, നിർമ്മാണം സ്ഥിര സംവിധാനമല്ല എന്ന വിധത്തിലായതിനാലാണ് യു.എ.സി. നമ്പർ ചുമത്തി നികുതി ഈടാക്കാതിരുന്നത് എന്നുമാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ അപാകതകൾ കാരണം നഷ്ടം വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും, മുൻകാലത്ത് നികുതി നിർണ്ണയിക്കപ്പെട്ടത് ഏത് രേഖയുടെ അടിസ്ഥാനത്തിലാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. നികുതി ചോർച്ച ഒഴിവാക്കുന്നതിന് ഭരണസമിതിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിദ്യാർത്ഥികൾക്ക് പഠനസഹായം - അർഹമായതിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 296/20 വിദ്യാർത്ഥികൾക്ക് പഠന സഹായം – എസ്. സി |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തിയ തുക | 1400000 |
| ചെലവുതുക | 320000+295000+250000+15000= 880000 |
| ബിൽ നംപർ | 41/16-11-19,42/16-11-19,51/19-12-19,96 /20-3-20 |

സ. ഉ. കൈ.നംപർ 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ.7.2.5 പ്രകാരം എസ്.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കുള്ള ധനസഹായം എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആകെ 44 വിദ്യാർത്ഥികൾക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു വിദ്യാർത്ഥിക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടിയ നിരക്കിൽ ധനസഹായം അനുവദിച്ചതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നംപർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച ധന സഹായം | അധികം നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വിശാൽ വിജയ് | Diploma Course In Civil Engineering, Gov. Polytechnic, Westhill | 20000 | 30000 | 10000 |

ഉത്തരവിൽ പറഞ്ഞതിലും കൂടിയ നിരക്കിൽ ധന സഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/21-2-22) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 10,000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 നികുതികളും ക്ഷേമനിധി വിഹിതവും ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് 206/20 |
| വകയിരുത്തിയ തുക | 9,58,000/- (CFC Grant)<br>5,17,000/- (MG-NR) |
| ചെലവഴിച്ച തുക,ബിൽനമ്പർ,തിയ്യതി | 9,58,000/- (12/22.06.19)<br>4,06,777/- (53/15.10.19) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടർ | ശ്രീ. പി. അലി |
| എഗ്രിമെന്റ് നമ്പർ | AE/FM/129/18-19dt.14.01.19 |

ഫറോക്ക് നഗരസഭയിലെ വിവിധ അങ്കണവാടികളുടെ മെയിന്റൻസിനായി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 13,64,777/- രൂപയാണ്. പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയപ്പോൾ ജി. എസ്. ടി, ഐ. ടി, നിർമ്മാണ ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാതെ ബിൽ തുക പൂർണ്ണമായും കരാറുകാരന് നൽകുകയാണ് ചെയ്തത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | നൽകേണ്ട തുക | നൽകിയ തുക | കുറവ് | അധികം |
|---|---|---|---|---|
| കരാറുകാരന്റെ വിഹിതം | 13,10,185 | 13,16,737 | - | 6,552 |
| ജി. എസ്. ടി | 27,296 | 24,020 | 3,276 | |
| ഐ. ടി | 13,648 | 12,010 | 1,638 | |
| നിർമ്മാണ ക്ഷേമനിധി വിഹിതം | 13,648 | 12,010 | 1,638 | |
| ആകെ | 13,64,777/- | 13,64,777/- | 6,552/- | 6,552/- |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ

മറുപടിയിൽ അധികം നൽകിയ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും തുക അടവാക്കിയശേഷം വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കരാറുകാരന് അധികം നൽകിയ 6,552/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി അതാതു ഹെഡുകളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ, പേര് | കരുവൻതിരുത്തി വില്ലേജിലെ SC കോളനികളുടെ നവീകരണം 194/20 |
| വകയിരുത്തിയ തുക | 10,00,000/- (വികസനഫണ്ട് എസ്. സി. പി.)<br>4,90,000/- (തനത് ഫണ്ട്) |
| ചെലവഴിച്ച തുക, ബിൽ/വൗച്ചർ നമ്പർ, തിയ്യതി | 5,88,599/- (01/30.04.19)<br>3,57,322/- (49/20.7.19)<br>3,98,287/- (21900902/14.02.20) |
| എം. ബുക്ക് | 48/17-18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കോൺട്രാക്ടർ | ശ്രീ. എം. അബ്ദുൾ മൻസൂർ |
| എഗ്രിമെന്റ് നമ്പർ | AE/FM/140/18-19dt.2/2/19 |

വിവിധ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2018-19 വർഷത്തിൽ വിഭാവനം ചെയ്ത മേൽ പ്രോജക്റ്റിൽ വിവിധ നടപ്പാതകളുടെയും ഡ്രെയിനേജിന്റെയും പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്തതിന്റെ വിവരം മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| മെഷർമെന്റ് പുസ്തകം പേജ് | അളവ് |
|---|---|
| പേജ് 2 | 48.59 ഘ. മീ. |
| പേജ് 20 | 19.55 ഘ. മീ. |
| ആകെ | 68.14 ഘ. മീ. |

ഈ നിർമ്മാണത്തിൽ ഐറ്റം നമ്പർ 4 പ്രകാരം റോഡ് നിർമ്മാണത്തിനായി മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. മെഷർമെന്റ് പുസ്തകം പേജ് 5, 23 എന്നിവ പ്രകാരം 106.70 ഘ. മീ. മണ്ണ് ഫിൽ ചെയ്തിട്ടുണ്ട്. ഇതിനായി 439.11 രൂപ നിരക്കിൽ 46,853.04 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഐറ്റം നമ്പർ 1 പ്രകാരം മേൽ അളവിൽ കുഴിച്ചെടുത്ത മണ്ണ്, ഫില്ലിങ്ങിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ലഭ്യമായിരിക്കെ ആയത് ഉപയോഗപ്പെടുത്താതിരുന്നതിനുള്ള കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/19-20 തിയ്യതി 19.02.2022 ) ലഭ്യമാക്കിയ മറുപടിയിൽ ഫയൽ പരിശോധിച്ച് പ്രവൃത്തി നടപ്പിലാക്കിയ കാലത്തെ എഞ്ചിനീയറുടെ വിശദീകരണം ലഭിച്ചശേഷം വിവരം ലഭ്യമാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. അസി. എഞ്ചിനീയർ നൽകിയ മറുപടി തൃപ്തികരമല്ല. കുഴിച്ചെടുത്ത 68.14 ഘ. മീ. മണ്ണ് ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ 29,921/- രൂപയുടെ (68.14 X 439.11) ചെലവ് ഒഴിവാക്കാമായിരുന്നു. ഈയിനത്തിൽ കരാറുകാരന് നൽകിയ 29,921/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് അനർഹമായി തുക അനുവദിച്ച എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 14.2.2022 | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിക്കുന്നു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജപ്പാൻ കുടിവെള്ള പദ്ധതി | ചെക്ക് നം. 161184 തിയ്യതി- | ആകെ 2,18,71,000 | ആകെ 1,91,02,977 | ആകെ 27,68,023 |

| | | | | | |
|---|---|---|---|---|---|
| | | 10.03.2016, ചെക്ക് നം.161193 തിയ്യതി 15.03.2016 ചെക്ക് നം.161251 തിയ്യതി 30.04.2016 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം എടുത്ത വായ്പയുടെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയുടെയും വിവരം

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| PMAY ലോൺ | GO (Rt) 976/2019/LSGD Dt. 14.5.2019 | 2019-20 | 10000000 | - | - | - | 10000000 |
| PMAY ലോൺ - KURDFC | GO (Rt) 2278/2018/LSGD Dt. 18.8.2018 | 2019-20 | 17600000 | 15000000 | 3173333 | - | 29426667 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,18,26,500 |
| തൻവർഷം നിക്ഷേപിച്ച തുക | 10,05,253 |
| ആകെ | 1,28,31,753 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,28,31,753 |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഫറോക്ക് സർവീസ് സഹകരണ ബാങ്ക്, 000430000047622 | 15.2.2017 | - | 1,28,31,753 | രശീതി നമ്പർ - 430000047622 തീയതി - 15.2.2017 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|---|---|
| 2015-16 | 2-4 | 7,200 | ആസിഫ് പി | 119210105561 / 16.7.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുമ്പ് ഗ്രാമപഞ്ചായത്തായിരുന്ന കാലത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2000-01 | 102, 108 | കെട്ടിട വാടക കുടിശ്ശിക | 2006-08 (11)-ാമത് റിപ്പോർട്ട് ഖ. 63 നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച തുടർ നടപടി വിവരം അറിയിക്കാൻ ശുപാർശ |
| 1999-2000 | 39 ഇ, 39 ജി | 2003-04 | 11(9), 105 | ഫറോക്ക് ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് പണിയിൽ നഷ്ടം | 2011-14(12)-ാമത് റിപ്പോർട്ട് തുക ഈടാക്കി യതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 2000-01 | 19 | 2003-04 | 11.13.2.5 | വ്യവസായ എസ്റ്റേറ്റുകൾ | -ടി- |

| | | | | | |
|---|---|---|---|---|---|
| | | | | പ്രയോജന പ്പെട്ടുത്തിയില്ല | |
| 1999-2000 | 51 | 2003-04 | 11.13.5.10.113 | മൈത്രി ഭവന പദ്ധതി | -ടി- |
| 1999-2000 | - | 2003-04 | 11.13.7.16.116 | നികുതി പിരിവിൽ അലംഭാവം | -ടി- |
| 1999-2000 | - | 2003-04 | 11.14 | പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | -ടി- |
| 2000-01 | മറ്റ് പരാമർശം | 2003-04 | 11.14.119 | ആയുർവേദാശുപത്രി വികസനം , | -ടി- |
| 2000-01 | -ടി- | 2003-04 | 11.14.119 | 2000-01 വർഷത്തെ റോഡ് ടാറിംഗ് | -ടി- |
| 2001-02 | -ടി- | 2003-04 | 11.14.119 | ലക്ഷംവീട് – ചെനക്കൽ റോഡ് പരിഷ്കരണം | -ടി- |
| 2000-01 | 3-7 | 2005-06 | 2.70.1.10.4 | വെള്ളക്കരം | 2014-16(51)-ാമത് റിപ്പോർട്ട് ഖണ്ഡിക 28 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 2-11 | 2005-06 | 2.70.1.10.7 | വെള്ളക്കരം | -ടി- |
| 2001-02 | 2-1 എ,ബി,സി | 2005-06 | 2.70.1.11.15 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | -ടി- |
| 2001-02 | 2-3 | 2005-06 | 2.70.1.12.5 | ഗ്രാമസഭ | -ടി- |
| 2000-01 | 2-3, 2-4 | 2005-06 | 2.70.1.13.6 | തനത് വരവ് കാലഹരണപ്പെട്ടു | -ടി- |
| 2001-02 | - | 2005-06 | 2.70.1.14.24 | നികുതി പിരിവ് അലംഭാവം | തുടരുന്നു. |
| 2007-08 | 3-1 | 2011-12 | 4.18 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | -ടി- |
| 2014-15 | 2-5 | 2016-17 | അനുബന്ധം4 | തൊഴിൽനികുതി അപാകതകൾ | -ടി- |
| 2017-18 | 3-5 | 2018-19 | ഖരമാലിന്യ സംസ്കരണം-2 | മാലിന്യസംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ | -ടി- |

| | | | | | |
|---|---|---|---|---|---|
| | | | | ഒരുക്കാതെ നിർവഹണ ഏജൻസിയ്ക്ക് പ്ളാസ്റ്റിക്ക് ഷ്രഡിംങ് ആന്റിംഗ് ആന്റിംഗ് ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറി | |
| 2017-18 | 3-1 | 2018-19 | പ്രോക്വയർമെന്റ് മാന്വൽ | വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 13,16, 23 | ശ്രീ. വി. സുധാകരൻ, സെക്രട്ടറി | LF.12553/ SPL.CELL/ SC.4/2000 Dt. 29.11.01 | 3447 | - | - | | - | - | 3447 | |
| 2 | 2000-01 | 9(1), 10 ബി, സി, 11 | ശ്രീ. പി. ദയാനന്ദൻ, AE, LSGD | LF.16204/ SPL.CELL/ SC.5എ/04 Dt.19.8.06 | 18938 | - | - | | - | - | 18938 | |
| 3 | 2001-02 | 7,13 | ശ്രീ. ആർ. മധുസൂദനൻ നായർ, സെക്രട്ടറി | LF.17591/ SPL.CELL/ SC.5/04 Dt.4.7.06 | 67527 | - | - | | - | - | 67527 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ ) | 303687103 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 257769503 |
| വരവിനങ്ങളിലുള്ള നഷ്ടം | 102797 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46473 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 710904 |

ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് | ചെലവ് | |
| 3-1 | | 10,000 | ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി |
| 3-2 | | 6,552 | ശ്രീമതി. ജെസ്സി ടി. ജെ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 29,921 | ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 2-1 | 1,02,797 | | ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,75,205 | ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 3,50,000 | ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി |
| 1-28 | 24,769 | ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി |
| 1-32 | 1,50,000 | ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി |
| 1-36 | 3,000 | ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി |
| 1-39 | 7,930 | ശ്രീമതി. മോനിഷ എം. ഐ. സി. ഡി. എസ് സൂപ്പർവൈസർ |

സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-10,1-13

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഫറോക്ക് മുനിസിപ്പാലിറ്റി | ഉത്രം (ഹൗസ് ) ഈരേഴവടക്ക് ചെട്ടികുളങ്ങര പി. ഒ മാവേലിക്കര, ആലപ്പുഴ – 690106 |
| ശ്രീമതി. ജെസ്സി ടി. ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, ഫറോക്ക് മുനിസിപ്പാലിറ്റി | പാലയൂർ ഹൗസ്, പൂന്നൂർ പി. ഒ.680552 |
| ശ്രീ. പി. ആർ. ജയകുമാർ | സെക്രട്ടറി, ഫറോക്ക് മുൻസിപ്പാലിറ്റി | പുത്തൻ പുരക്കൽ (ഹൗസ്) ഉദയംപേരൂർ എറണാകുളം- 682307 |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഫറോക്ക് മുനിസിപ്പാലിറ്റി | ഉത്രം (ഹൗസ് ) ഈരേഴവടക്ക് ചെട്ടികുളങ്ങര പി. ഒ മാവേലിക്കര |
| ശ്രീമതി. മോനിഷ എം | ഐ. സി. ഡി. എസ് സൂപ്പർവൈസർ ഫറോക്ക് മുനിസിപ്പാലിറ്റി | ഐശ്വര്യ,പുതുക്കുളങ്ങര പാറമ്മൽ,കരുവശ്ശേരി കോഴിക്കോട് |
| ശ്രീ. പി. ആർ. ജയകുമാർ | സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി | പുത്തൻ പുരക്കൽ (ഹൗസ്), ഉദയംപേരൂർ എറണാകുളം-682307 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|

| | | എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി/ പി.2/1485/13(1)11.11.13 | 6 | 13, 14, 16, 22, 23, 24 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(2)/11.11.13 | 12 | 30, 31, 36(1,2), 38, 39, 46, 47, 53, 54, 59, 62, 63 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(1)/11.11.13 | 12 | |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(3)/11.11.13 | 2 | 28, 51 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(4)/11.11.13 | 9 | 7, 8, 12, 13, 14, 15, 17, 18, 19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(5)/11.11.13 | 4 | 2(3), 2(4), 2(10), 3(7) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(6)/11.11.13 | 4 | 2-1, 2-11, 2-13, 3-8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(7)/11.11.13 | 12 | 2-1, 2-2, 2-6, 2-7, 3-1, 3-2, 3-3, 3-6(എ & ബി), 3-8, 3-9, 3-11, 3-20 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(8)/11.11.13 | 4 | 2-1, 3-1, 3-9, 3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(9)/11.11.13 | 16 | 2-1, 2-2, 2-3, 2-4, 3-1,3-2, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 13 | 2-2, 2-3, 2-4, 2-5(1), (2),( 3),( 4), 2-6, 3-2, 3-3, 3-9, 3-12, 3-15, 3-16, 3-17, 3-19(3) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 16 | 2-1, 2-9(1,2,4,6), 2-13, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-16, 3-18 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി2/842/13(6)/15.7.2013 | 45 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 2-15, 2-16, 2-17, 2-18, 2-19, 2-20, 2-21, 2-22, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി2/1782/11/20.01.2012 | 35 | 2-4, 2-5, 2-6, 2-7, 2-9, 2-10, 2-11, 3-1, 3-2(1)(2), 3-3, 3-4, 3-5, 3-6(ബി), 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-36 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി2/1443/13/25.10.13 | 38 | 1-4, 2-1, 2-3, 2-4, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 3-1, |

| | | | |
|---|---|---|---|
| | | | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-28, 3-29, 3-30, 4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി2/244/14/11.06.2014 | 18 | 2-5, 2-6, 2-7, 2-8, 2-9, 2-11, 2-12, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-14 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/ പി2/394/14/16.07.2014 | 32 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-23, 3-24, 3-25, 4-1, 4-5, 4-11 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി.2/2024/15/29.9.2016 | 23 | 2-2, 2-4, 2-5(2), 2-7, 2-8, 3-1, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2015-16 പഞ്ചായത്ത് | കെ.എസ്.എ.കെ.കെ.ഡി/ പി.14/799/17/30.1.2017 | 10 | 2-1, 2-2, 2-3, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി.14/124 /17/30.1.2017 (01-11.15-31.3.2016) | 30 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി.14/1691/17/22.08.17 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി14/2287/18/21.11.18 | 14 | 2-1, 2-2, 2-3, 2-4, 2-5, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി13/117/21/27.1.21 | 32 | 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27 1-28, 1-29, 1-30, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്